For circulation among believers only

RNI Reg No. KERMAL/2009/31779
Postal Reg.No. KL/EKM/702/2010-12
Annual Subscription Rs. 50

Posted at Kochi PSO
31st December 2010
If undelivered, please return to
Renewal Athmika Puthukkathine
PB No. 2665, Broadway,
Ernakualm, Cochin 682 031

# റിന്യൂവൽ

## ആത്മീക പുതുക്കത്തിന്

വാല്യം - 2 | ലക്കം - 1 | ജനുവരി 2011

# ഇരുണ്ട ഭൂഖണ്ഡത്തിൽ നിന്ന് ഭാരതത്തിൽ

ഉത്തര കന്നഡ ജില്ലയിലെ വനാന്തരങ്ങളിൽ തേൻ ശേഖരിച്ചും, ചെറിയ തോതിൽ കൃഷി ചെയ്തും, ജീവിക്കുന്ന സിദികളെ കണ്ടാൽ കന്നഡ ഭാഷക്കാർ അവരോട് സംസാരിക്കാൻ മടിക്കും. കാരണം കാഴ്ച്ചയിൽ ആഫ്രിക്കക്കാരെ പോലെയാണ് ഇവർ. ചുരുണ്ടമുടി, കട്ടികൂടിയ ചുണ്ടുകൾ, എണ്ണ കറുപ്പുനിറം, നല്ല ഉയരം, നീണ്ട കൈകാലുകൾ. ഒറ്റനോട്ടത്തിൽ ആഫ്രിക്കയിൽ നിന്ന് വന്നവരാണെന്ന് തോന്നും. എന്നാൽ സംസാരിച്ചു തുടങ്ങിയാൽ ഇടതടവില്ലാതെ കന്നഡ സംസാരിക്കും.

ആരാണ് ഈ സിദികൾ? ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ തുടക്കം ആഫ്രിക്കയിൽ നിന്നു തന്നെ. എ.ഡി. 16 മുതൽ 19 വരെ ഇന്ത്യയിൽ കച്ചവടത്തിനെത്തിയ പോർച്ചുഗീസ്, ബ്രിട്ടീഷ്, അറബ് വ്യാപാരികൾ കിഴക്കൻ ആഫ്രിക്കൻ രാജ്യങ്ങളായ മൊസാംബിക്കിൽ നിന്നും, എത്യോപ്യയിൽ നിന്നും കൊണ്ടു വന്ന അടിമകളാണ് സിദികളെന്ന് ചരിത്രം പറയുന്നു.



സിദികൾ

തലമുറകൾ പിന്നിട്ടിട്ടും കാഴ്ച്ചയിലും ആകാരത്തിലും ഒരു വ്യത്യാസവും ഇല്ല. തനി ആഫ്രിക്കക്കാർ. ആദ്യകാലങ്ങളിൽ പോർച്ചുഗീസ് പട്ടണങ്ങളായ ദാമൻ - ഡിയു, ഗോവ എന്നിവിടങ്ങളിലാണ് പാർത്തിരുന്നത്. അടിമത്തം ശക്തമായപ്പോൾ പോർച്ചുഗീസുകാരിൽ നിന്ന് രക്ഷപെട്ട് ഉത്തര കന്നഡ ജില്ലയിൽ കുടിയേറിയവരാണ് സിദികൾ.



ഒരു സുവിശേഷ വിഹിത സഭയിലെ പാസ്റ്റർ സിദികളെ സ്നാനപ്പെടുത്തുന്നു

ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിലും സിദികൾ ഉണ്ടെങ്കിലും ഉത്തരകന്നഡയിലാണ് ഏറ്റവും കൂടുതൽ ഇവർ ഉള്ളത്. വനാന്തരങ്ങളാണ് ഇവർക്ക് ഏറെ പ്രിയം. താമസം വനാന്തരങ്ങളിലാണെങ്കിലും പരിഷ്ക്കാരങ്ങൾക്ക് കുറവൊന്നുമില്ല. പരമ്പരാഗത വസ്ത്രധാരികൾ ഉൾപ്പെടെ ആധുനിക വസ്ത്ര സങ്കല്പ്പങ്ങളെ സാക്ഷാൽകരിക്കുന്നവരും ഇവരുടെ കൂട്ടത്തിലുണ്ട്.

പോർച്ചുഗീസുകാർ ഭാരതം വിട്ടു പോയി അടിമത്ത സമ്പ്രദായം ഇല്ലാതാവുകയും സ്വാതന്ത്ര്യം നേടുകയും ചെയ്തതോടെ ഇവർ പൂർണമായും ഇന്ത്യൻ സമൂഹത്തിന്റെ ഭാഗമാവുകയായിരുന്നു. കുറച്ചു പേർ വിഭജന സമയത്ത് പാക്കിസ്ഥാനിലെ കറാച്ചിയിലേക്കും പോയിട്ടുണ്ട്. ഗുജറാത്തിലെ കേന്ദ്ര ഭരണ പ്രദേശമായ ദാമൻ -ഡിയുവിലും അറബിയിൽ സയ്യദ് എന്നു വിളിക്കുന്ന ഈ വംശക്കാരുണ്ട്.

സാമൂഹികമായും സാമ്പത്തിക

ശേഷം 3-ാം പേജിൽ

# റിന്യൂവൽ 11 –ാം വർഷത്തിലേക്ക്

ക്രിസ്തീയ പത്രപ്രവർത്തന രംഗത്ത് ഒരു മാറ്റത്തിന് തുടക്കമിട്ടുകൊണ്ടാണ് 2001 ജനുവരിയിൽ റിന്യുവൽ മാസിക പ്രസിദ്ധീകരണം ആരംഭിച്ചത്. ക്രിസ്തീയ തത്വത്തിൽ അധിഷ്ഠിതമായ പത്രപ്രവർത്തനം എന്ന ആശയം ഉയർത്തികൊണ്ട് ഓരോ പംക്തിയിലും വളരെ സൂക്ഷ്മമായി ദൈവീക നിലപാടുകൾ പാലിച്ച് പത്ത് വർഷം കൊണ്ട് ക്രൈസ്തവ തത്ത്വാധിഷ്ഠിത പത്രപ്രവർത്തനം വിജയമെന്ന് സാക്ഷ്യപ്പെടുത്തുവാൻ റിന്യുവൽ ടീമിന് കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യത്തോടെ ഇവിടെ കുറിക്കുന്നു.

പ്രധാനമായും ദൈവജനത്തിന് പ്രാർത്ഥനയ്ക്ക് ആവശ്യമായ വിവരങ്ങൾ നൽകുക എന്നതാണ് റിന്യുവലിന്റെ ഉദ്യമം. അതിനായി പ്രാർത്ഥനാ കലണ്ടർ, മിഷൻ ഫീൽഡിൽ നിന്നുള്ള വാർത്തകൾ, സഭാവാർത്തകൾ എന്നിവയും, യൂത്ത് ഗൈഡ്, ചിൽഡ്രൻസ് ക്ലബ്ബ്, കുടുംബവേദി കൂടാതെ പൊതുവായ ചില അറിവുകൾക്കായി ആരോഗ്യരംഗം, നിയമവും നമ്മളും തുടങ്ങിയ പംക്തികളും ഈ മാസികയുടെ വിഭവങ്ങളാണ്. വിവാഹ പ്രായമായ മക്കളുള്ള മാതാപിതാക്കളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെയാണ് വിവാഹവേദി എന്ന പരസ്യകോളം ഉൾപ്പെടുത്തിയത്. പൂർണമായും സൗജന്യമായി നിർവ്വഹിച്ച ഈ ശുശ്രൂഷയിലൂടെ ഇരുനൂറിലധികം വിവാഹങ്ങളും നടന്നു.

അതിനിടയിലും ചില ബാലാരിഷ്ടതകൾ റിന്യുവൽ നേരിട്ടു. പ്രിന്റിംങ്ങ് ചിലവടക്കമുള്ള സാമ്പത്തീക പരാധീനതകൾ വലയ്ക്കുന്നതിനിടയിൽ രജിസ്ട്രേഷൻ സംബന്ധമായ ചില പ്രയാസങ്ങളും നേരിട്ടു. എങ്കിലും അതിനെയെല്ലാം അതിജീവിച്ച് മുന്നേറുവാൻ മാന്യ വായനക്കാരുടെ പ്രാർത്ഥനയും പിന്തുണയും ഉണ്ടായിരുന്നു എന്നത് നന്ദിയോടെ ഓർക്കുന്നു. 11-ാം വർഷത്തിലേക്ക് കാൽവയ്ക്കുമ്പോൾ റിന്യുവൽ നയം ഒന്നു കൂടെ പ്രഖ്യാപിക്കുന്നു.

- യഥാർത്ഥ ഉപദേശങ്ങൾക്ക് (ദൈവവചന സത്യങ്ങൾ) നിരക്കുന്നതു മാത്രം പ്രസിദ്ധീകരിക്കുക
- പാപത്തെ പാപമായി കാണുകയും പ്രോത്സാഹിപ്പിക്കാതിരിക്കുകയും ചെയ്യുക
- ദൈവസാന്നിദ്ധ്യത്തിലുള്ള എഡിറ്റിങ്ങ് എന്ന ആശയം പ്രാവർത്തികമാക്കുക
- കുറ്റം പറഞ്ഞ് നിരാശപ്പെടുത്താതിരിക്കുക
- ആരേയും തേജോവധം ചെയ്യാതിരിക്കുക
- അസത്യങ്ങൾക്കും അർദ്ധസത്യങ്ങൾക്കും ഇടംകൊടുക്കാതിരിക്കുക
- വിഭാഗീയത വളർത്തുന്നതിന് കൂട്ടു നിൽക്കാതിരിക്കുക
- ആത്മീക അഭിവൃദ്ധിക്കു വേണ്ടി മുഖം നോക്കാതെ ധൈര്യമായി നിലകൊള്ളുക.


ഇത്രയും നാൾ റിന്യുവലിന്റെ പ്രവർത്തനങ്ങളോട് സഹകരിച്ച മാന്യ വായനക്കാർക്ക് ദൈവനാമത്തിലുള്ള നന്ദി അറിയിക്കുന്നു. കഴിഞ്ഞ 10 വർഷങ്ങൾ റിന്യൂവൽ മാസികയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച റിന്യൂവൽ ടീം പുനഃസംഘടിപ്പിക്കുന്നു. പ്രസ്തുത ടീമിൽ നിന്ന് വർഷത്തിൽ ഒരിക്കൽ മൂന്നിൽ ഒന്ന് അംഗങ്ങൾ വിരമിക്കുകയും ആസ്ഥാനത്ത് ദർശനവും ഭാരവുമുള്ള പുതിയ അംഗങ്ങളെ നിയമിക്കുകയോ പുനർനിയമിക്കുകയോ ചെയ്യുന്നതാണ്.

11-ാം വർഷത്തിൽ ഷോംബൈ പുത്തൂരാൻ പ്രിന്റർ & പബ്ലിഷറായും, കെ. തോമസ് മാത്യു എഡിറ്റർ ഇൻചാർജ്ജായും, ടെൻസൻ ജോസഫ് ന്യൂസ് എഡിറ്ററായും പ്രവർത്തിക്കുന്നതായിരിക്കും. ഈ ശുശ്രൂഷയെ ഓർത്ത് തുടർന്നും ദൈവജനം പ്രാർത്ഥിക്കുക.

— വിശ്വസ്തതയോടെ റിന്യുവൽ ടീം

# ശാന്തതീരമണഞ്ഞ കർമ്മയോഗികൾ

വേർപെട്ട ദൈവജനമധ്യത്തിൽ നിന്ന് സുവിശേഷ വേലയ്ക്കായി കേരളത്തിന് പുറത്ത് പോയ രണ്ട് കർതൃദാസന്മാർ ഡിസംബറിൽ നിത്യതയിലേക്ക് പ്രവേശിച്ചു. അനേക നാളുകൾ കർണാടകയിലെ മൈസൂരിൽ കർത്താവിന്റെ വേല ചെയ്ത സുവി. വി.പി. ജേക്കബ് ഡിസംബർ 1നും ഗോരഖ്പൂർ യോന്നാച്ചൻ എന്ന് അറിയപ്പെടുന്ന ഇ. യോഹന്നാൻ, ഡിസംബർ 12ന് ഞായറാഴ്ച്ച രാവിലേയും തങ്ങൾ സേവിച്ച രാജാവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു.



വി.പി. ജേക്കബ്

ദൈവം കൈയ്യൊപ്പിട്ട് അയച്ച ബ്ലാങ്ക് ചെക്കിൽ (ദൈവവചനം) ആശ്രയിച്ച് 1945-ൽ ഭാര്യയും മാസങ്ങൾ മാത്രം പ്രായമുള്ള പെൺകുഞ്ഞുമായി മൈസൂരിലേക്ക് കർത്താവിന്റെ വേലയ്ക്കായി പോയ കർമ്മധീരനായ വ്യക്തിയായിരുന്നു സഹോ. വി.പി. ജേക്കബ്, മൈസൂർ പട്ടണത്തിലെ കൃഷ്ണവനത്താണ് പ്രവർത്തനം ആരംഭിച്ചത്. ആറ് മാസത്തിനുള്ളിൽ ഭാഷ പഠിച്ചു. ഇടിനിടയിൽ വിശ്വാസിയായ ഒരു സഹോദരനെ കണ്ടുമുട്ടുവാൻ ഇടയായി. തന്റെ കുടുംബത്തേയും ചേർത്ത് നാലര രൂപയ്ക്ക് വാടകയ്ക്കെടുത്ത കെട്ടിടത്തിൽ ആരാധന ആരംഭിച്ചു. മൈസൂറിന്റെ പ്രാന്തപ്രദേശങ്ങളിൽ കടന്ന് ചെന്ന് സുവിശേഷം അറിയിച്ചു. 55ഓളം കുടുംബങ്ങൾ രക്ഷിക്കപ്പെട്ടു. കൃഷ്ണവനം സഭയോടു ചേർന്നു. പിന്നീട് ബാംഗ്ലൂരിലേക്ക് വന്ന് ഹിഡൻറോസ് എന്ന സ്ഥലത്ത് വിവിധ ഭാഷക്കാർ തിങ്ങിപാർക്കുന്ന സ്ഥലത്ത് പ്രവർത്തനം ആരംഭിച്ചു. 350 ഗ്രാമങ്ങൾ സന്ദർശിച്ച് പ്രവർത്തിക്കുവാൻ തനിക്ക് കഴിഞ്ഞു.

ശൈത്യമേറിയ കാലാവസ്ഥയിൽ നിന്ന് മാറി താമസിക്കുവാനുള്ള ഡോക്ടറുടെ നിർദ്ദേശത്തെ തുടർന്ന് 1984-ൽ തിരുവനന്തപുരത്തേക്ക് താമസം മാറ്റി. പേരൂർകട സഭയോട് ചേർന്ന് കർത്താവിനെ ആരാധിച്ചു പോരുകയായിരുന്നു. സുവിശേഷകൻ, വേദാധ്യപകൻ, എഴുത്തുകാരൻ എന്നീ നിലകളിൽ താൻ അറിയപ്പെട്ടു. സുവിശേഷ വേലയ്ക്കായി വേർതിരിയുന്നതിനു മുമ്പ് കുമ്പനാട് എൻ.എം. സ്കൂൾ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. സഹധർമ്മിണി - ശോശാമ്മ, മക്കൾ ഡോ. ആലീസ് (ഇംഗ്ലണ്ട്) വി.ജെ. ഫിലിപ്പ് (ചെന്നൈ), ഈശോ ജേക്കബ് (ബാംഗ്ലൂർ).

സുവിശേഷീകരണം എന്നാൽ മറ്റുള്ളവരെ സഹായിക്കുക എന്നതായിരിക്കണം എന്ന് അടിയുറച്ച് വിശ്വസിച്ച് സമൂഹത്തിലേക്ക് ഇറങ്ങി ചെന്ന് കൈയ്യും മെയ്യും മറന്നു കർത്താവിനായി അദ്ധ്വാനിച്ച് വേറിട്ടൊരു വ്യക്തിത്വമായിരുന്നു ഇ. യോഹന്നാൻ. അടൂരിലെ പാറകോട് തേവലപ്പുറത്ത് എന്ന നാമധേയ ക്രിസ്തീയ കുടുംബത്തിൽ നിന്ന് രക്ഷിക്കപ്പെട്ട് മുന്നോട്ട് വന്ന യോന്നാച്ചൻ വിദ്യാഭ്യാസ ശേഷം 1956-ൽ റെയിൽവേയുടെ നോർത്ത് ഈസ്റ്റേൺ ഹെഡ്കോർട്ടറായ ഗോരഖ്പൂരിൽ എഞ്ചിനീയറായി ജോലിയിൽ പ്രവേശിച്ചു. പത്തു വർഷത്തെ റെയിൽവേയിലെ ഔദ്യോഗിക ജീവിതത്തിനിടയിൽ ക്രിസ്തീയ വ്യക്തിത്വം നിലനിർത്തി. സുപ്രധാനമായ പല സംഭവങ്ങളും നടന്നു. 1960ൽ ചെങ്ങന്നൂർ ഐക്കരേത്ത് കുടുംബാംഗമായ മോളിയെ വിവാഹം കഴിച്ചു. ഒരു പെൺകു



ഇ. യോഹന്നാൻ
ഒരു രേഖാചിത്രം

ശേഷം 3-ാം പേജിൽ

## എസ്.എസ്.എൽ.സി. കോളജ് സ്റ്റുഡൻസ് ക്യാമ്പുകൾ

മദ്ധ്യവേനലവധിക്കാലത്ത് നടക്കുന്ന എസ്.എസ്.എൽ ക്യാമ്പ് 2011 ഏപ്രിൽ 14 മുതൽ 18 വരെയും, ഓണാവധിക്കു നടക്കുന്ന കോളജ് സ്റ്റുഡൻസ് ക്യാമ്പ് 2011 സെപ്തംബർ 5 മുതൽ 9 വരെയും നട ക്കും. രണ്ട് ക്യാമ്പുകളും അങ്കമാലി അസിസ്സി ശാന്തികേന്ദ്രയി ലാണ് നടക്കുന്നത്.

പ്രായോഗിക ക്രിസ്തീയ ജീവിതത്തിൽ മനസ്സിലാക്കേണ്ടതും, പ്രയോഗികമാക്കേണ്ടതുമായ വിഷയങ്ങൾ, ഉപ ദേശവിഷയങ്ങൾ, കരിയർ മുതലായവയാണ് ഈ ക്യാമ്പുകളിൽ പ്രധാനമായും പഠിപ്പിക്കുന്നത്. നേരത്തേ പങ്കെടുത്തവർക്കെല്ലാം ലഭിച്ച ആത്മീക മൂല്യങ്ങൾ വരുതലമുറയ്ക്കും ലഭിക്കേണ്ടതിന് ഈ ക്യാമ്പുകൾക്കുവേണ്ടിയും ദൈവജനം പ്രാർത്ഥിക്കുക.

# ദിശ എക്സിബിഷൻ


എക്സിബിഷൻ സെന്റർ സന്ദർശിക്കാനെത്തിയവർ

സുവിശേഷ പ്രവർത്തനങ്ങൾക്ക് പുതിയ മാനവും, രൂപവും നൽകിയ ദിശ മൾട്ടിമീഡിയ ബൈബിൾ എക്സിബിഷൻ നവംബർ16 മുതൽ 21 വരെ തിരുവനന്തപുരത്ത് നടന്നു. തലസ്ഥാനനഗരിയുടെ ഹൃദയഭാഗമായ പുത്തരിക്കണ്ടം മൈതാനത്ത് നടന്ന എക്സിബിഷനിൽ 20000ത്തോളം പേർ സന്ദർശകരായി എത്തി.

കഴിഞ്ഞ ജനുവരിയിൽ എറണാകുളത്തും, മെയിൽ തിരുവല്ലായിലും നടന്നിരുന്നു. നീണ്ടനാലു മാസത്തെ ചിട്ടയായ പ്രവർത്തനങ്ങൾ മുഖാന്തരമാണ് വിജകരമായി എക്സിബിഷൻ സംഘടിപ്പിക്കുവാൻ ഇടയായത്.

സഹോദരൻ വിനു മാത്യു ജനറൽ കോ-ഓർഡിനേറ്ററായി ആരംഭിച്ച പ്രവർത്തനം പ്രാദേശിക ബ്രദ്റൻ സഭകളിലെ വിശ്വാസികളുടെയും സുവിശേഷ വിഹിത സഭകളിലെ വിശ്വാസികളുടേയും സഹകരണത്തിലാണ് നടന്നത്.

25000 ചതുരശ്ര അടി വിസ്തൃതിയിൽ നിർമ്മിച്ച ടെന്റിലാണ് എക്സിബിഷൻ നടന്നത്. പ്രപഞ്ചവും, ഭൂമിയും, ജീവസൃഷ്ടികളുടെ സങ്കീർണതകൾ, പരിണാമവും, സൃഷ്ടിയും, ദൈവം, പാപം, രക്ഷ എന്നീ വിഭാഗങ്ങളായി തിരിച്ച് ഓരോ വിഭാഗവും ദൃശ്യാവിഷ്കാരത്തോടെ കണ്ട് മനസിലാക്കത്തക്ക വിധത്തിൽ തയ്യാർ ചെയ്ത തീയറ്ററുകളും പോസ്റ്ററുകളും മാതൃകകളുമായിരുന്നു ദിശ എക്സിബിഷനിൽ പ്രദർശിപ്പിച്ചിരുന്നത്.

ബൈബിൾ സൊസൈറ്റിയുടെ വിപുലമായ ഒരു സ്റ്റാളും പ്രവർത്തിച്ചിരുന്നു. പാപ്പിറസിലും, തുകലിലും, കല്ലിലും എഴുതിയ ബൈബിൾ വാക്യങ്ങൾ, ഇരുനൂറിലധികം ഭാഷകളിലെ ബൈബിളുകൾ, മലയാള ഭാഷയു ടെ വിവിധ ഘട്ടങ്ങളുടെ വിവരണങ്ങൾ, മലാളത്തിന് മിഷണറിമാരുടെ സംഭാവനകൾ തുടങ്ങി സുദീർഘമായ പ്രദർശനങ്ങൾ സന്ദർശകർക്ക് മറ്റൊരു വിരുന്നായിരുന്നു.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പുറത്തുനിന്നുമുള്ളവർ എക്സിബിഷനിൽ സന്നദ്ധസേവകരായി പ്രവർത്തിക്കുവാൻ സഹോദരിസഹോദരന്മാർ കടന്നുവന്നു. ഏകദേശം 350ഓളം പേരാണ് അഞ്ച് ദിവസങ്ങളിലായി ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായത്. ഫാമിലി കൗൺസിലിംഗ് ഹെൽപ് ലൈൻ പൂർണ സമയം പ്രവർത്തിച്ചു. വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള കംപ്യൂട്ടറൈസ് കരിയർ മാപ്പിംങ്ങും മറ്റൊരാകർഷണമായിരുന്നു. കുട്ടികളൾക്കു വേണ്ടി കിഡ്സ് കിങ്ഡ്ഡം മിനിസ്ട്രി ഒരുക്കിയ പപ്പറ്റ്തീയറ്റർ കുട്ടികൾക്കൊപ്പം മുതിർന്നവരും ആസ്വദിച്ചു.

കാലം തെറ്റി വന്ന മഴയുടെ ശല്യം ഉണ്ടായിരുന്നുവെങ്കിലും ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള അപൂർവ്വമായ കാഴ്ച്ചകൾ കാണുവാനും മനസിലാക്കുവാനും അനേകർ കടന്നുവന്നു. എക്സിബിഷൻ സെന്റർ സന്ദർശിച്ചവരോട് വ്യക്തിപരമായി സുവിശേഷം പറയുവാൻ ഇടയായതുമൂലം അനേകർ കർത്താവിനെ രക്ഷിതാവായി സ്വീകരിക്കുവാനിടയായി. പ്രവർത്തനസമയങ്ങളിലെല്ലാം പുറത്ത് ക്രമീകരിച്ച പ്രാർത്ഥനാമുറി സജീവമായിരുന്നു.

അവസാന മൂന്നു ദിവസങ്ങളിൽ വൈകിട്ട് എക്സിബിഷൻ സെന്ററിന് പുറത്തുള്ള ഗ്രൗണ്ടിൽ ക്രമീകരിച്ചിരുന്ന സുവിശേഷ യോഗങ്ങൾ രണ്ട് ദിവസം നടന്നു. അവസാന ദിവസം ശക്തമായ മഴയെ തുടർന്ന് യോഗം ഉപേക്ഷിക്കേണ്ടി വന്നു.രണ്ട് ദിവസങ്ങളിലും സഹോ. ജോൺ കുര്യൻ സന്ദേശം നൽകി.

അഞ്ച് ദിവസങ്ങൾ നീണ്ടുനിന്ന ദിശ 2010 എക്സിബിഷന് 22 ലക്ഷത്തോളം രൂപ ചിലവായി. ഫെയിത്ത് ബോക്സ് വഴി സമാഹരിച്ച പണം കൂടാതെ സഭകളും, വ്യക്തികളും, സംഘടനകളും നിർലോഭമായ സാമ്പത്തീക സഹകരണങ്ങൾ നൽകി.

സുവിശേഷ പ്രവർത്തനങ്ങൾക്ക് പുതിയ ചരിത്രമെഴുതിയ ദിശ ബൈബിൾ എക്സിബിഷൻ കൂടുതൽ സ്ഥലങ്ങളിൽ നടത്തപ്പെടുവാൻ നമുക്ക് പ്രാർത്ഥിക്കാം.

കുടുംബ വേദി

# തീരുമാനം

ഒരു പുതിയ വർഷത്തിലേക്ക് നാം പ്രവേശിച്ചിരിക്കുന്നു. പുതുവർഷത്തിൽ നല്ല പല തീരുമാനങ്ങളും നാം എടുക്കാറുണ്ട്. കഴിഞ്ഞ വർഷത്തെ വിലയിരുത്തുമ്പോൾ പുതുവർഷത്തിൽ കുറച്ചുകൂടി മെച്ചമായി ജീവിക്കുവാൻ ആഗ്രഹിക്കുന്നു. തീർച്ചയായും ഇത് വളരെ നല്ല കാര്യമാണ്. ജീവിതത്തിന്റെ ചില മേഖലകളിൽ കൂടുതൽ ശ്രദ്ധകൊടുക്കേണമെന്നും പ്രയോജനമില്ലാത്ത കാര്യങ്ങളിൽ നിന്നും ഒഴിവായിരിക്കേണമെന്നും നാം ആഗ്രഹിക്കാറുണ്ട്. നമ്മുടെ ആത്മീക വളർച്ചയാണ് അടിസ്ഥാനപരമായി പ്രാധാന്യമർഹിക്കുന്നത്. ജീവിതത്തിന്റെ ഓരോ പടവുകളിലും ദൈവഹിതം തിരയുവാൻ നാം വാഞ്ചിച്ചുകൊണ്ടിരിക്കേണം. വ്യക്തിപരമായ പ്രാർത്ഥന, വചനപാരായണം, കൂട്ടായ്മ എന്നിവയിലൂടെ നാം ആത്മീക വളർച്ച പ്രാപിക്കുന്നു.


നമ്മുടെ കുടുംബജീവിതം ഫലപ്രദമായി തീരുവാൻ മുൻഗണനാക്രമത്തിൽ സമയം വേർതിരിക്കേണ്ടത് ആവശ്യമാണ്. ശക്തമായ കുടുംബങ്ങൾ സഭയ്ക്കും സമൂഹത്തിനും അനുഗ്രഹം ആണ്.

1. ശക്തമായ കുടുംബത്തിന്റെ അടിസ്ഥാനഘടകം അർത്ഥവത്തായ കുടുംബ പ്രാർത്ഥനയാണ്. മക്കളെ വിശ്വാസജീവിതത്തിൽ വളർത്തുവാൻ മാതാപിതാക്കൾക്ക് ലഭിക്കുന്ന വിലപ്പെട്ട സമയമാണിത്. കുടുംബപ്രാർത്ഥനയ്ക്ക് തടസ്സമുണ്ടാകുന്ന ഘടകങ്ങളെ നാം തിരിച്ചറിഞ്ഞ് അതിനെ അതിജീവിക്കുക..
2. കുടുംബാംഗങ്ങൾ ഒന്നിച്ച് ആശയവിനിമയത്തിനായി അർത്ഥവത്തായ സമയം ചെലവഴിക്കണം. ഇന്നത്തെ സാഹചര്യത്തിൽ മന:പൂർവ്വമായി ശ്രമം നടത്തിയാൽ മാത്രമേ ഇത് പ്രായോഗികമാകയുള്ളൂ.
3. അന്യോന്യം അഭിനന്ദിക്കുക. സ്വാഭാവികമായി കുടുംബാംഗങ്ങൾ തമ്മിൽ പരസ്പരവളർച്ചയ്ക്കായി കുറവുകളെ തിരുത്താറുണ്ട്. അത് ആവശ്യമാണ്. എന്നാൽ തിരുത്തലുകൾ മാത്രമായാൽ വ്യക്തികളിലെ ആത്മവിശ്വാസം നഷ്ടപ്പെടുവാനിടയുണ്ട്. അർത്ഥവത്തായ അഭിനന്ദനം വ്യക്തിത്വവളർച്ചയ്ക്ക് വളരെ സഹായകരമാണ്.
4. നമ്മുടെ മക്കൾക്ക് ആത്മീകമൂല്യങ്ങൾ പകർന്നു കൊണ്ട് ദൈവീക തലമുറയെ വാർത്തെടുക്കുക. നാം അവർക്ക് മാതൃകയായിരിക്കേണം. നമ്മെയാണ് അവർ കണ്ടുപഠിക്കുന്നത്.
5. നമ്മുടെ മാതാപിതാക്കളെ കരുതുകയും സംരക്ഷിക്കയും വേണം. അവരുടെ ആവശ്യങ്ങളിൽ കൈത്താങ്ങൽ കൊടുക്കുക.
6. പ്രാദേശിക സഭയുടെ വളർച്ചയിലും സുവിശേഷ വേലയിലും കുടുംബമായി സജീവ പങ്കാളിത്തം വഹിക്കുക. ഇക്കാര്യത്തിൽ ഓരോരുത്തരിവും നിക്ഷിപ്തമായ താലന്തുകൾ തിരിച്ചറിഞ്ഞ് സഭയുടെ വളർച്ചക്കായി. ജ്വലിച്ചു പ്രകാശിപ്പിക്കുക. കർത്താവ് നമ്മിൽ കൂടി മഹത്വമെടുക്കട്ടെ.
7. നാം ഏർപ്പെടുന്ന തൊഴിലിൽ വിശ്വസ്തരായിരിക്കുക. നമ്മുടെ വിശ്വാസ ജീവിതത്തിന്റെ മാറ്റുരയ്ക്കുന്ന പ്രധാന മേഘലയാണ് നമ്മുടെ തൊഴിൽ.


ഈ വർഷം എല്ലാ അർത്ഥത്തിലും വളർച്ച പ്രാപിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

*— സ്റ്റാൻലി & ഫാനി*

## ചിൽഡ്രൻസ് ക്ലബ്ബ്



# ഫ്രിഡ്ജിൽ...



*"ജോമീ........ എഴുന്നേൽക്ക്" മമ്മിയുടെ വിളിയൊന്നും അവൻ കേട്ട ഭാവം പോലുമില്ലാതെ വീണ്ടും പുതച്ചു മൂടി കിടന്നു. ഡിസംബറിലെ തണുപ്പ് നല്ലതാണ്. പക്ഷെ അതോടൊപ്പം വരുന്ന ജലദോഷവും പനിയുമാണ് സഹിക്കാനാവാത്തത്. "ജോമീ....." മമ്മി വീണ്ടും വിളിച്ചു. മനസില്ലാമനസോടെ അവൻ എഴുന്നേറ്റു വന്നു. മമ്മീ എങ്ങോട്ടോ പോകുവാനുള്ള തയ്യാറെടുപ്പിലാണ്. എവിടെയാണാവോ പോകുന്നത്. ഡാഡിയാണെങ്കിൽ പത്ത് ദിവസത്തേക്ക് ജോലി സംബന്ധമായ ഏതോ ആവശ്യത്തിന് മുംബൈയ്ക്ക് പോയിരിക്കുകയാണ്. ഡാഡിയില്ലാതെ മമ്മി ഒരു സ്ഥലത്തേക്കും പോകുന്നതല്ലല്ലോ. ഇങ്ങനെ ജോമി ചിന്തിച്ചിരിക്കുമ്പോൾ മമ്മി അനിയത്തി വാവയെയും എടുത്തുകൊണ്ട് വന്നു.*

*"മോനെ! വാവയ്ക്ക് ഇന്നലെ രാത്രി മുഴുവനും നല്ല പനിയായിരുന്നു. ഇപ്പോഴും നല്ല പനിയുണ്ട്. മമ്മി കുഞ്ഞിനെ ഡോക്ടറെ കാണിച്ച് വരാം. "പക്ഷെ മമ്മി ഞാനപ്പോ ഇവിടെ തനിച്ചിരിക്കണമോ?" ജോമി ചോദിച്ചു. മമ്മി പറഞ്ഞു "കുറച്ചു സമയം, അല്പം കഴിയുമ്പോൾ ജോലിക്കാരി വരും. അതിനു മുമ്പ് മോന് വിശന്നാൽ ഡൈനിംഗ് ടേബിളിന്റെ പുറത്ത് ബ്രഡ് ഇരിപ്പുണ്ട്. ഫ്രിഡ്ജിൽ ജാമും ഉണ്ട്. അതെടുത്ത് കഴിച്ചോളൂ." ഇത്രയും പറഞ്ഞ് മമ്മി വാവയുമായി പെട്ടെന്ന് ആശുപത്രിയിലേക്ക് പുറപ്പെട്ടു.*

*ജോമി ബ്രഷ് ചെയ്തു. ടേബിളിൽ വെച്ചിരിക്കുന്ന ബ്രഡ് എടുത്ത് പാത്രത്തിൽ വെച്ചു. ജാമെടുക്കാനായി ഫ്രിഡ്ജ് തുറന്നപ്പോൾ അതിനകത്തിരിക്കുന്ന ഐസ്ക്രീം ബോക്സ് കണ്ട് അവൻ അത്ഭുതപ്പെട്ടു. ഡാഡി പോകുന്നതിനു മുമ്പ് വാങ്ങി വെച്ചതാണ്. അതിൽ നിന്ന് ഒരു തുള്ളി പോലും മമ്മി എനിക്ക് തന്നിട്ടില്ല. കഴിഞ്ഞ ദിവസങ്ങളിൽ ചെറിയ ജലദോഷമുണ്ടായിരുന്നു. അതുകൊണ്ട് ഐ സ്ക്രീം കഴിച്ചാൽ പനി വരുമെന്നാണ് മമ്മി പറയുന്നത്.*

*ജാം പുരട്ടി ബ്രഡ് കഴിക്കുമ്പോഴും ഐസ്ക്രീമായിരുന്നു അവന്റെ ചിന്ത. ''അല്പം കഴിക്കാം'' അവൻ മനസിൽ ചി ന്തിച്ചു. ഒരു സ്പൂൺ എടുത്തതിനു ശേഷം ഫ്രിഡ്ജ് തുറന്ന് ഐസ് ക്രീം ബോക്സി ൽ നിന്ന് അല്പം എടുത്ത് വായിലേക്കിട്ടു. 'ഹോ എന്തൊരു തണുപ്പ്' പല്ലെല്ലാം മരവിച്ചു പോയി. എങ്കിലും അതിന്റെ രുചി അവൻ ആസ്വദിച്ചു. വീണ്ടും ഒരു സ്പൂൺ. ഇങ്ങനെ പലതവണ അവൻ എടുത്തു കഴിച്ചു.*

*അൽപ്പം കഴിഞ്ഞപ്പോൾ ജോലിക്കാരി വന്നു 'ഹോ ഇനി ഐസ്ക്രീം കഴിപ്പ് നടക്കില്ല' 'ങും! എന്താ ജോമി, ഇന്ന് സ്കൂളിൽ പോയില്ലേ' ഇല്ല മമ്മി വാവയുമായി ആശുപത്രിയിൽ പോയിരിക്കുവാ. കാര്യങ്ങളെല്ലാം അവൻ ജോലിക്കാരിയോട് പറഞ്ഞു. അൽപ്പം കഴിഞ്ഞപ്പോൾ തൊണ്ടയ്ക്ക് ഒരു വേദന, കണ്ണ് പുകയുന്നതുപോലെ.... മേലാകെ ഒരു കുളിർ... ജോമിയുടെ ശരീരം തളരുന്നതു പോലെ തോന്നി..... പതുക്കെ ഒരു മയക്കത്തിലേക്ക്.*

*മമ്മി വാവയുമായി വരുമ്പോൾ ജോമി സോഫയിൽ തളർന്നു കിടക്കുകയാണ്. മമ്മി വന്ന് തൊട്ടു നോക്കിയപ്പോൾ പൊള്ളുന്ന പനി. "ദൈവമേ! എന്റെ മോനും പനി പിടിച്ചോ?" ജോലിക്കാരിയും അടുക്കളയിൽ നിന്ന് വന്നു. ജോമിയെ തൊട്ടു നോക്കി. "ശരിയാണല്ലോ നല്ല പനിയുണ്ട്." മമ്മി കു ഞ്ഞിനെ മുറിയിൽ കിടത്തിയിട്ട് ജോ മിയുടെ അടുത്തു വന്ന് പച്ച വെള്ളത്തിൽ കൈയ്യും മുഖവുമൊക്കെ തുടച്ച് ചൂടിന്റെ കാഠിന്യം കുറക്കുവാൻ ശ്രമിച്ചു.*

*വൈകുന്നേരമായിട്ടും ജോമിയുടെ പനിക്ക് ഒരു കുറവും വന്നില്ല. ഇടയ്ക്ക് ജോമി പതുക്കെ മമ്മിയെ നോക്കി. തലവെട്ടിപൊളിയുന്നതു പോലെ അവനു തോന്നി. മമ്മി ആകെ വിഷമിച്ചിരിക്കുകയാണെന്ന് അവന് മനസിലായി. ഇടയ്ക്ക് ഡാഡിയുടെ ഫോൺ വന്നപ്പോൾ മമ്മി പറയുന്നതു കേട്ടു. "ഞാൻ കുഞ്ഞുങ്ങളെ രണ്ടുപേരെയും കൊണ്ട് ആശുപത്രിയിലേക്ക് പോകുകയാണ്."*

*ജോമി കണ്ണുതുറന്നപ്പോൾ ആശുപത്രി കിടക്കയിലാണ്. അടുത്തു തന്നെ വാവയെയും കിടത്തിയിട്ടുണ്ട്. മമ്മി നേഴ്സിനോട് എന്തെക്കെയോ പറയുന്നു. വീണ്ടും മയക്കത്തിലേക്ക്. കുറച്ചു കഴിഞ്ഞപ്പോൾ വാവയുടെ കരച്ചിൽ കേൾക്കാം. മമ്മി കുഞ്ഞിനെയും തോളിലിട്ട് അങ്ങോട്ടും ഇങ്ങോട്ടും നടക്കുകയാണ്. അവൻ ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്ന ക്ലോക്കിലേക്കു നോക്കി. 2 മണി. അരണ്ട വെളിച്ചമായതുകൊണ്ട് രാത്രിയാണെന്ന് അവനു മനസിലായി. "പാവം മമ്മി. ഇന്നലെ രാത്രിയും ഒരു മിനിറ്റു പോലും ഉറങ്ങിയിട്ടില്ല."*

*കുറച്ചു കഴിഞ്ഞപ്പോൾ കുഞ്ഞ് ഉറങ്ങി. മമ്മി ജോമിയുടെ അടുത്ത് കുഞ്ഞിനെ കിടത്തി. അവന്റെ നെറ്റിയിൽ തലോടി. ചൂടുള്ള രണ്ട് തുള്ളി കണ്ണുനിർ ജോമിയുടെ നെറ്റിയിലേക്ക് വന്നു വീണു. അവൻ കണ്ണു തുറന്നു നോക്കുമ്പോൾ മമ്മി നിശബ്ദമായി കരയുകയാണ്. ''പാവം'' അവന്റെ ഉള്ളിൽ നിന്ന് ഒരു വിങ്ങൽ പുറപ്പെട്ടു. "എന്റെ തെറ്റാണ്." ഐസ്ക്രീം തിന്ന കാര്യം മമ്മി അറിഞ്ഞിട്ടില്ല. ഡാഡിയും കൂടെ സ്ഥലത്തിലാത്തതിനാൽ എന്റെ മമ്മി എത്ര മാത്രമാണ് കഷ്ടപ്പെടുന്നത്. അവൻ ഏങ്ങികരയുവാൻ തുടങ്ങി. "എന്തു പറ്റി മോനെ?" അവനെ ചേർത്തു പിടിച്ച് ചോദിച്ചു. പറയുവാൻ അവന്റെ നാക്ക് പൊങ്ങുന്നില്ല. എങ്കിലം അവൻ പറഞ്ഞു. ''മമ്മീ ഞാൻ ഇന്ന് രാവിലെ ഫ്രിഡ്ജ് തുറന്ന് ഐസ്ക്രീം എടുത്തു കഴിച്ചു. അതിനു ശേഷമാ എനിക്ക് പനി തുടങ്ങിയത്. സോറി മമ്മീ." "എന്തിനാ മോനെ നീ അത് ചെയ്തത്" മമ്മി അവനെ ചേർത്തു പിടിച്ചു നെറുകയിൽ ഉമ്മ വെച്ചു.*

*ജോമിയും മമ്മിയും കരയുകയാണ്. കുറച്ചു കഴിഞ്ഞപ്പോൾ മമ്മി പറഞ്ഞു. "സാരമില്ല, എന്റെ മോന് തെററുപറ്റിയത് ഏറ്റു പറയുവാൻ മനസുണ്ടായല്ലോ അതു മതി മമ്മിക്ക്."*

**കൂട്ടുകാരെ,**

*നിങ്ങൾ തെറ്റു ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. എങ്കിലും ചിലപ്പോൾ ചില തെറ്റുകളിലേക്ക് നിങ്ങൾ അറിഞ്ഞോ അറിയാതെയോ വീണു പോയെന്നു വന്നേക്കാം. അങ്ങനെ തെറ്റുപറ്റിയെന്നു ബോധ്യം വന്നാൽ ഉടൻ ദൈവത്തോടും, നിങ്ങളുടെ തെറ്റ് വ്യക്തികളോടാണെങ്കിൽ അവരോടും ഏറ്റു പറയണം.*

**മനഃപാഠവാക്യം**

*1 യോഹന്നാൻ1 : 9*

നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.

*1 യോഹന്നാൻ 1 : 9*

***- ടെൻസൻ ജോസഫ്***
*എറണാകുളം.*

വാർത്തകൾ അയക്കേണ്ട വിലാസം: Renewal, P.B.No. 2665, Broadway, Ernakulam - 31.
അല്ലെങ്കിൽ Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, 695 011.
Tel : 94473 41237 E-mail : thomasjohntvm@gmail.com, renewalvartha@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും – Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ – Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

**റിന്യൂവൽ ടീം:**
**തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ), ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല), ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്‌വേലി).**
**കൺസൽട്ടന്റ് എഡിറ്റേഴ്സ് – വർഗ്ഗീസ് ചാക്കോ, ബാബു ജോൺ**
**എഡിറ്റർ ഇൻ–ചാർജ്ജ് – കെ. തോമസ് മാത്യു**
**ന്യൂസ് എഡിറ്റർ – തോമസ് ജോൺ**
**ഫിനാൻസ് എക്സിക്യൂട്ടീവ് – ഷോംബെ പുത്തൂരാൻ**
**പ്രൊമോഷണൽ കോ–ഒർഡിനേറ്റർ – റെജി മാത്യു**
**സർക്കുലേഷൻ കോ–ഒർഡിനേറ്റർ – ജെൽസൺ പി.ജെ.**
**പ്രിന്റർ, പബ്ലിഷർ – ടെൻസൻ ജോസഫ്**

# ഇരുണ്ട ഭൂഖണ്ഡത്തിൽ...

1-ാം പേജിൽ നിന്ന് തുടർച്ച

മായും പിന്നോക്കം നിൽക്കുന്ന ഇവരെ ഏറെ വൈകി 2003-ൽ കേന്ദ്രസർക്കാർ പട്ടികവർഗ്ഗക്കാരായി അംഗീകരിച്ചതോടെയാണ് ചെറിയ തോതിലെങ്കിലും ഉയർച്ച ഉണ്ടായി തുടങ്ങിയത്. ഉത്തര കന്നഡ ജില്ലയിൽ അരലക്ഷത്തോളം സിദികൾ ഉണ്ടെന്നാണ് ജില്ലാ ഭരണകൂടത്തിന്റെ കണക്ക്. ചെറിയ തോതിൽ കൃഷി ചെയ്തും വനവിഭവങ്ങൾ ശേഖരിച്ചുമാണ് ഇവർ ജീവിക്കുന്നത്.

പോർച്ചുഗീസുകാരുമായുള്ള സഹവാസം കൊണ്ടാകാം ഇവരിൽ ഭൂരിഭാഗവും നാമധേയ ക്രിസ്ത്യനികളാണ്. ഹൈന്ദവ, അഹമ്മദീയ വിശ്വാസികളും ഇവരുടെ ഇടയിലുണ്ട്. ഭാരതീയ സംസ്ക്കാരത്തിൽ നിന്നുള്ള കടമെടുപ്പായിരിക്കാം ആചാരങ്ങളും അനുഷ്ഠാനങ്ങളും. ഉത്സവങ്ങളും ഒഴിച്ചുകൂടാനാവാത്ത ഒന്നായി ഇവരുടെ ഇടയിൽ നിറഞ്ഞു നിൽക്കുന്നത്. വിശേഷ ദിവസങ്ങൾ നൃത്തമാടിയും, പാട്ടുകൾ പാടിയുമാണ് ആഘോഷിക്കുന്നത്.

ഇവരുടെ ഇടയിലെ സുവിശേഷ പ്രവർത്തനങ്ങൾ നാം പാടെ അവഗണിച്ച പോലെയാണ്. മറ്റ് സുവിശേഷ വിഹിത സഭകളുടെ പ്രവർത്തനങ്ങൾ ഇവരുടെ ഇടയിൽ നടക്കുന്നുണ്ട്. ചില സഭകളും ഈ കാലയളവിൽ ഇവരുടെ മധ്യത്തിൽ സ്ഥാപിക്കപ്പെടുകയും ചെയ്തു. പക്ഷെ നമ്മുടെ ഒരു പ്രവർത്തനമോ, പ്രവർത്തകനോ ഇവരുടെ ഇടയിൽ ഉള്ളതായി അറിവില്ല. റിപ്പോർട്ടുകൾ നോക്കുമ്പോൾ അനേകർ ഇന്ന് സുവിശേഷ വിഹിത സഭകളിലേക്ക് വന്നു കൊണ്ടിരിക്കുന്നതായാണ് കാണുന്നത്. ധാർമ്മിക മൂല്യം നഷ്ടപ്പെട്ട തലമുറയിൽ ഒരു മാറ്റത്തിനു മാർഗ്ഗം ക്രിസ്തുവല്ലാതെ വേറെയാരുമില്ല എന്നതും ഒരു കാരണം ആയിരിക്കാം.

ഈ അവസരത്തിൽ നാം എവിടെയാണ്? ഈ ഇരുണ്ട ഭൂഖണ്ഡത്തിന്റെ മക്കളെ നമ്മുടെ സ്വന്തം നാടിന്റെ മക്കളായി നേടുവാൻ നമുക്കെന്തു ചെയ്യുവാൻ സാധിക്കും. ഉത്തര കന്നഡ ജില്ല സുവിശേഷപ്രവർത്തനങ്ങൾക്ക് വലിയ എതിർപ്പുകളൊന്നും കഴിഞ്ഞനാളുകൾ നടത്തിയിട്ടില്ല. അതിന്റെ അടയാളങ്ങളാണ് സുവിശേഷ വിഹിത സഭകളുടെ വളർച്ച.

സാമൂഹിക പ്രവർത്തനങ്ങളാണ് ഇവിടുത്തെ സുവിശേഷ പ്രവർത്തനങ്ങളുടെ മുഖമുദ്ര. നമ്മുടെ പ്രവർത്തകർ ഈ മണ്ണിലേക്ക് സുവിശേഷവുമായി പോകമ്പോൾ സമൂഹത്തിന് നൽകുവാൻ എന്തെങ്കിലും ഉണ്ടായിരിക്കണം. ഒരു സ്കൂൾ ആകാം, ആശുപത്രി ആകാം. ഈ നിലയിൽ അവിടെ പ്രവർത്തിക്കുവാൻ കഴിഞ്ഞാൽ സിദികളും വേർപെട്ട വിശ്വാസഗണത്തിലാകും. പ്രാർത്ഥിക്കാം, പ്രവർത്തിക്കാം...

# ശാന്തതീരമണഞ്ഞ...

1-ാം പേജിൽ നിന്ന് തുടർച്ച

ഞ്ഞിന് ജന്മം നൽകിയ ശേഷം ഭാര്യ നിത്യതയിലേക്ക് പ്രവേശിച്ചു. ഏകാന്തതയുടെ തടവുകാരനാവുക എന്നതായിരുന്നില്ല യോന്നാച്ചായനെ കുറിച്ചുള്ള ദൈവനിയോഗം. ദൈവം നൽകിയ കുഞ്ഞിനെയും എടുത്തുകൊണ്ട് സമൂഹത്തിലേക്ക് ഇറങ്ങിചെന്ന് യേശുവിന്റെ സ്നേഹം അവിടെ വരച്ചു കാട്ടി.


1966 -ൽ സുവിശേഷത്തിന്റെ അവസരങ്ങൾ തന്റെ മുമ്പിൽ വിളഞ്ഞു കിടക്കുമ്പോൾ ഇടംവലം നോക്കാതെ റെയിൽവേ ജോലി മതിവരിക എന്നത് അപ്രാപ്യമാണെങ്കിലും ദൈവവചന സത്യങ്ങളെ മുറുകെ പിടിക്കുകയും, തന്റെ ജീവിതം കൊണ്ട് അത് പ്രവർത്തിച്ചു കാണിക്കുകയും ചെയ്തതു കൊണ്ടാകാം യോന്നനാൻ ഗോരയാക്കി ഗോരഖ്പൂരിലെ ജനമധ്യത്തിലേക്ക് ഇറങ്ങിചെന്നു. തന്റെ പ്രവർത്തന ശൈലിയുടെ വ്യത്യസ്തത കൊണ്ടായിരിക്കാം ആ ദേശത്തെ സർവ്വസമ്മതനായ ഒരു വ്യക്തിത്വമായി താൻ ഉയർത്തപ്പെട്ടു. പൊതുവേ മറ്റുള്ളവരെ അകറ്റി നിർത്തുന്ന സവ്വർണ്ണ മതസ്ഥർ തിങ്ങിപ്പാർക്കുന്ന ഗോരഖ്പൂരിൽ ഈ നിലയിൽ ഉയർന്നു ഖ്പൂർ യോന്നാച്ചൻ ആയത്.

തന്റെ പ്രവർത്തനഫലമായാണ് ഗോരഖ്പൂരിലെ സഭ സ്ഥാപിക്കപ്പെടുന്നത്. അനേക തദ്ദേശിയരായ കുടുംബങ്ങൾ ഈ സഭയിലെ അംഗങ്ങളാണ്. സ്വന്ത ജീവിത ഇഛകൾ മറന്ന് സുവിശേഷത്തിനായി പോരാടിയ ഈ കർതൃദാസൻ 2003-ൽ റിന്യൂവലിന് അനുവദിച്ച അഭിമുഖത്തിൽ ഇങ്ങനെ പറഞ്ഞു, 'നാം ജീവിക്കുന്ന സമൂഹത്തിലെ ആവശ്യങ്ങൾ മനസിലാക്കി അത് ക്രിസ്തീയ വീക്ഷണത്തിൽ നിന്നു കൊണ്ട് തന്നെ നടപ്പാക്കാൻ നേതൃത്വം കൊടുക്കുകയും അതിനായി നമ്മളാൽ കഴിയുന്നത് ചെയ്യുകയും ചെയ്താലേ നാം യഥാർത്ഥ ക്രിസ്തീയ പ്രവർത്തകൻ ആകുന്നുള്ളൂ'.

50-ലധികവർഷം ഗോരഖ്പൂരിൽ താമസിച്ച് ആ നാടിന്റെ ഓരോ സ്പന്ദനവും തിരിച്ചറിഞ്ഞ യോന്നാച്ചായൻ അവരിലൊരാളായി, ക്രിസ്തുവിന്റെ സാക്ഷിയായി ജീവിച്ചു. ജീവിത സായാഹ്നത്തിൽ കണ്ടെത്തിയ ക്യാൻസർ ഒരളവിലും തന്നെ തളർത്തിയില്ല. എന്തിനേയും ധീരതയോടെ നേരിട്ട ഈ യോദ്ധാവ് ധൈര്യസമേതം പ്രത്യാശയുടെ തീരത്തേക്ക് യാത്രയായി. മകൾ-മേഴ്സി, ഭർത്താവ് ആനന്ദ്, കൊച്ചുമകൻ സാം.

ഉത്തർപ്രദേശിലെ ഗോരഖ്പൂരിന്റെയും കർണാടകയിലെ മൈസൂരിന്റെയും ബാംഗ്ലൂരിലെയും ക്രിസ്തീയ ചരിത്രം രചിച്ച ഈ രണ്ട് കർമ്മയോഗികളെ ഓർത്ത് ക്രൈസ്തവലോകം ദൈവത്തെ സ്തുതിക്കുന്നു!

## ഡോ. എം.എ. തോമസ് നിത്യതയിൽ



രാജസ്ഥാൻ കാട്ട ഇമ്മാനുവൽ മിഷൻ സ്ഥാപകൻ എം.എ. തോമസ് നിത്യതയിലേക്ക് പ്രവേശിച്ചു. ചെന്നൈ ഹിന്ദുസ്ഥാൻ ബൈബിൾ കോളേജ് പഠനശേഷം 1960-ൽ ആണ് കാട്ടയിൽ പ്രവർത്തനം ആരംഭിച്ചത്. ഗ്വാളിയാറിൽ പ്രവർത്തിച്ചിരുന്ന സുവി. ഫിലിപ്പ് എബ്രഹാം (ഇപ്പോൾ കല്ലിശേരിയിൽ) ദ്വരരാജ് എന്നിവർക്കൊപ്പമാണ് താൻ കാട്ടയിൽ കടന്നുവന്നത്. പിന്നീട് ഫിലിപ്പ് എബ്രഹാം ഗ്വാളിയറിലേക്ക് പോയി. കാട്ടയിൽ തുടർന്നു പ്രവർത്തിച്ച എം.എ. തോമസ് ഇമ്മാനുവൽ മിഷൻ എന്ന പേരിലാണ് പ്രവർത്തനങ്ങൾ തുടർന്നത്. തന്റെ പ്രവർത്തനഫലമായി അനേകം സഭകൾ രാജസ്ഥാനിന്റെ വിവിധ പ്രദേശങ്ങളിൽ സ്ഥാപിതമായി. സമൂഹത്തിൽ താൻ ചെയ്ത നന്മകൾ മാനിച്ച് ഭാരത സർക്കാർ 2001-ൽ തനിക്ക് പത്മശ്രീ അംഗീകാരം നൽകി. ഇന്ന് ഇമ്മാനുവൽ മിഷന്റെ പേരിൽ 11138 സഭകൾ 103 അനാഥശാലകൾ, 140 സ്കൂളുകൾ, 23 ബൈബിൾ പഠന കേന്ദ്രങ്ങൾ, ഒരു ഹോസ്പിറ്റൽ, ഒരു കോളേജ് എന്നിവയുണ്ട്. ചിലവർഷങ്ങൾക്കു മുമ്പ് സുവിശേഷ വിരോധികളുടെ ശക്തമായ എതിർപ്പുകൾ നേരിടേണ്ടി വന്നതിനാൽ ചില സ്ഥാപനങ്ങളുടെ നടത്തിപ്പ് പ്രതിസന്ധിയിലായിരുന്നു.

# ദാമനിൽ സുവിശേഷകൻ ആക്രമിക്കപ്പെട്ടു

ദാമനിൽ വേല ചെയ്യുന്ന സുവിശേഷകൻ എ.സി. ഷാജി അക്രമികളുടെ മർദ്ദനത്തിനിരയായി. ഡിസംബർ 21ന് വൈകുന്നേരം 6 മണിയോടു കൂടി സരിഗാവ് എന്ന സ്ഥലത്ത് ബൈബിൾ ക്ലാസ് എടുക്കുവാനായി പോകുമ്പോൾ ഒരു കാറിൽ വന്ന അക്രമികൾ തന്നെ തടുത്തു നിർത്തി അക്രമിക്കുകയായിരുന്നു. പെട്ടെന്നുണ്ടായ അക്രമത്തിൽ പകച്ചുപോയ സുവി. ഷാജിയെ കാറിലേക്ക് വലിച്ചിട്ടുകൊണ്ട് 7 കി.മി. അകലെയുള്ള ഒരു കാട്ടിൽ കൊണ്ടുപോയി മർദ്ദനം തുടർന്നു. അക്രമികളിലൊരാൾ കത്തിയെടുത്ത് തന്റെ തലയിലും, കൈകളിലും കുത്തിപരിക്കേൽപ്പിക്കുകയും ചെയ്തു. അല്പം കഴിഞ്ഞ് അക്രമിസംഘത്തിൽ പെട്ട ഒരാൾ ഇടപ്പെട്ടാണ് സഹോദരനെ അവർ വിട്ടയച്ചത്. അതിനിടയ്ക്ക് തന്റെ എ.റ്റി.എം. കാർഡ് തട്ടിയെടുത്തു. കത്തികാണിച്ച് അതിന്റെ പിൻകോഡും വാങ്ങി ബാങ്കിൽ നിന്ന് അവർ പണം പിൻവലിക്കുകയും ചെയ്തു.

അക്രമണത്തിനു ശേഷം തന്നെ വീടിനടുത്ത് വിട്ടിട്ട് അക്രമിസംഘം കടന്നു കളയുകയായിരുന്നു. എന്തിനാണ് തന്നെ മർദ്ദിച്ചതെന്ന് ഇതുവരെ മനസിലായിട്ടില്ലെന്ന് സഹോ. ഷാജി പറഞ്ഞു. പിറ്റേന്ന് അക്രമിസംഘത്തിന്റെ മധ്യസ്ഥനായി ഒരാൾ വന്ന് ബാങ്കിൽ നിന്ന് പിൻവലിച്ച പണം തിരിച്ചേൽപ്പിച്ച് പോലീസിൽ കേസ് കൊടുക്കരുതെന്ന് പറഞ്ഞു. ദാമനിലെ മലയാളി സമാജം പ്രവർത്തകർ നിയമപരമായ നടപടിക്ക് മുതിർന്നുവെങ്കിലും ഷാജി അത് വേണ്ട എന്ന നിലപാടിലാണ്.

അക്രമണ വിധേയനായ പിതാവിനെ കണ്ട് തന്റെ രണ്ട് പെൺമക്കളും ഭയന്നിരിക്കുകയാണ്. സുവിശേഷകന്മാർക്കെതിരെയുള്ള അക്രമങ്ങൾ വർദ്ധിച്ചു വരുന്ന ഇക്കാലത്ത് സുവിശേഷകന്മാർക്കു വേണ്ടിയും അവരുടെ കുടുംബാംഗങ്ങൾക്കു വേണ്ടി ദൈവജനം പ്രാർത്ഥിക്കുക.

# വൈ.എം.ഇ.എഫ്. ടീം രാജസ്ഥാനിൽ

കഴിഞ്ഞ ആഗസ്റ്റ് 1 മുതൽ ഹരിയാനയിൽ ആരംഭിച്ച വൈ.എം.ഇ.എഫ്.ടീം ക്യാമ്പയിൻ ശക്തമായ എതിർപ്പുകളെ തുടർന്ന് തൽക്കാലം രാജസ്ഥാനിലെ ഗംഗാനഗറിലേക്ക് പ്രവർത്തനം മാറ്റി. ചില ദിവസങ്ങൾക്കു മുമ്പ് ഹരിയാനയിലെ പ്രാദേശിക പത്രങ്ങളിൽ ടീമിന്റെ പ്രവർത്തനങ്ങളെ കുറിച്ച് തെറ്റായ ചില വാർത്തകൾ പ്രസിദ്ധീകരിച്ചതോടെയാണ് പിൻവാങ്ങേണ്ടിവന്നത്. ടീം ഉപയോഗിക്കുന്ന വാഹനത്തിന്റെ ചിത്രത്തോടെ അതിന്റെ രജിസ്ട്രേഷൻ നമ്പർ പ്രത്യേകം എഴുതിയും വന്ന റിപ്പോർട്ടുകളിൽ മതപരിവർത്തനത്തിന് വന്നിരിക്കുന്ന ഇവരെ ഹരിയാനയിൽ നിന്ന് തുരത്തുക എന്ന ആഹ്വാനവും ഉണ്ടായിരുന്നു. പകലിൽ വാഹനം വെളിയിൽ കണ്ടാൽ ആക്രമിക്കപ്പെടും എന്ന രഹസ്യ വിവരത്തെ തുടർന്ന് രാത്രിയിൽ തന്നെ തൊട്ടടുത്ത സംസ്ഥാനമായ രാജസ്ഥാനിലേക്ക് പോരുകയായിരുന്നു. ഇപ്പോൾ ഗംഗാനഗറിലും, ഹനുമാൻഡിലുമാണ് ടീം പ്രവർത്തിക്കുന്നത്.

**YOUTH GUIDE**

# EXAMINE YOURSELF



2 Cor 13:8 Examine yourselves as to whether you are in the faith. Test yourselves. Do you not know yourselves, that Jesus Christ is in you? —unless indeed you are disqualified.

From our childhood days we are familiar with exams, test papers, spelling dictations and university examinations. It is to make us understand were we stand, how much we know or know not! As we face the test, either we will be qualified or disqualified. Entrance examinations towards various fields give us opportunity to enter some course or profession. In medical field; most of the tests like X-ray, various scanning, blood analysis etc are done to understand the real condition or situation in regard to our physical health.

In the same way it is very important that we do regular examination of our spiritual life. God in His Word – THE BIBLE has given the normal values, abnormal values, dangerous values, critical values in regard to our spiritual health and our fitness to enter and live in heaven.

The Character of Genuinely Saved person

- Love God Ps.73:25
- Love Christ 1Co. 16:22; Eph. 6:24
- Repentance from Sin Ps. 32:5; Pro.28:13; 1Jn.1:9
- Humble heart Jam.4:6; Lu.1:52; Lu.14:11
- Love to glorify God Ps.115:1; Jer. 9:23,24; 1Cor.10:31
- Dependence on God through prayer Eph.6:18; Phil.4:6; 1Timo.2:1-3
- Selfless sacrificial Love 1 Jn. 3:14; 1 Jn. 4:7
- Hate this World James 4:4; 1Jn. 2:15-17
- Spiritual Growth and fruitfulness Lk.8:15; Jn.15:1-6; Eph.4:12-16
- Obey God's Word Mt.7:21; Jn.15:14; Rom.16:26; 1Pt.1:2,22; 1Jn.2:3-5
- Hunger for God's Word 1Pt.2:1-3
- Ongoing Transformation of Life Eph.4:22-24; Rom.8:29

Most of the people attach the genuineness of salvation to visible outward morality (Mat.19:16-21), Intellectual knowledge (Rom.1:21), Religious involvement (Mat.25:1-10), Active Ministry (Mat.7:21-24), Conviction of Sin (Acts.24:25), Time of decision (Lk.8:13) etc. But these things neither prove nor disprove one's faith or salvation. If the first list is true in one person's life the above mentioned signs will automatically fall in place.

*2Pt.1:10,11-Therefore, brethren, be even more diligent to make your call and election sure, for if you do these things you will never stumble; for so an entrance will be supplied to you abundantly into the everlasting kingdom of our Lord and Savior Jesus Christ.

**— Bro. JJV; Vaikom**

# വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് - 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യുവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളു. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

**WANTED BRIDE GROOM**

**RM No : 1073 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 28 വയസ്സ് 5'6" ഉയരം. MA. B.Ed., Aided സ്കൂളിൽ ജോലി.

**RM No : 1074 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 23 വയസ്സ് 5'4" ഉയരം. B.Tech. ജോലിയുണ്ട്.

**RM No : 1075 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 45 വയസ്സ് 5'3" ഉയരം. ESAFൽ ജോലി.

**RM No : 1076 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'4" ഉയരം. B.Com.

**RM No : 1077 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'3" ഉയരം. B.Sc. Nurse.

**RM No : 1078 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 35 വയസ്സ് 5'1" ഉയരം. B.A. Economics.

**WANTED BRIDE**

**RM No : 1079 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5'5" ഉയരം. B.A, സ്വന്തം ബിസിനസ്സ്.

**RM No : 1080 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 28 വയസ്സ് 5'11" ഉയരം. ITI (Electrical), കുവൈറ്റിൽ ജോലി.

**RM No : 1081 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 30 വയസ്സ് 5'4" ഉയരം. വിദേശത്ത് ജോലി.

**RM No : 1082 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 5'7" ഉയരം. B.A., B.Ed..

**RM No : 1083 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 30 വയസ്സ് 5'8" ഉയരം. M.Sc. (Micro Biology), ഗൾഫിൽ ജോലി, ജൂണിൽ നാട്ടിൽ വരും.

**RM No : 1084 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 27 വയസ്സ് 6' ഉയരം. GNM, വിദേശത്ത് ജോലി.

**RM No : 1085 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 31 വയസ്സ് 5'8" ഉയരം. റേഷൻകട നടത്തുന്നു.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ **0484 2432896** എന്ന നമ്പറിൽ ബന്ധപ്പെടുക.

## എസ്.ബി.എസ്. നിലമ്പൂർ സെന്റർ

സുവിശേഷകൻ ബാലസംഘം നിലമ്പൂർ സെന്ററിന്റെ പുതിയ പ്രസിഡന്റായി ജോൺ സാമുവലിനെയും സെക്രട്ടറി – റിജോ മാത്യു പള്ളിക്കുത്ത്, ജോ. സെക്രട്ടറി പി. എ. സേവ്യർ പാലേമാട്, ട്രഷറർ കെ.എം. തോമസ്, മരുത എന്നിവരെയും തെരഞ്ഞെടുത്തു. എസ്. ബി.എസ് നിലമ്പൂർ സെന്ററിന്റെ വിലാസം – Secretary, Rijo Mathew, Lahamamil, Pallikuth P.O., Chungathara, Nilambur - 679334.

## വേങ്ങര സഭ

കൊല്ലം ഏഴാം മൈൽ സഭയുടെയും ചുറ്റുപാടുമുള്ള സഭകളുടെയും സഹകരണത്തിൽ 2003 മുതൽ കരുനാഗപ്പള്ളിക്ക് കിഴക്ക് മണപ്പള്ളി, കുറ്റിപ്പുറം, വേങ്ങര സ്ഥലങ്ങൾ കേന്ദ്രീകരിച്ച് സഭാരൂപികരണം ലക്ഷ്യമാക്കി പ്രവർത്തിച്ചതിന്റെ ഫലമായി ചില കുടുംബങ്ങൾ മുന്നോട്ടു വരികയും ഇക്കഴിഞ്ഞ ഒക്ടോബർ 10–ന് അവരുടെ സ്നാനത്തോടെ വേങ്ങരയിൽ ഒരു കൂടിവരവ് ആരംഭിക്കുകയും ചെയ്തു. എബനേസർ ബ്രദ്റൻ ചർച്ച് വേങ്ങര എന്ന പേരിലാണ് ആരംഭിച്ചിരിക്കുന്നത്. മുന്നോട്ടു വന്നവർ മറ്റ് പശ്ചാത്തലത്തിൽ നിന്നുള്ളവരായതു കൊണ്ട് ആരംഭ ദിവസം മുതൽ എതിർപ്പുകൾ നേരിടുകയാണ്. വേങ്ങര സഭയ്ക്കു വേണ്ടിയും ഇവിടുത്തെ പ്രവർത്തനങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കുക. സഭയ്ക്കുള്ള കത്തുകൾ അയക്കേണ്ട വിലാസം – Ebenezer Brethern Church C/o. P Thomas, (Eg) Valiyavilayil, Edakkad P.O. Kollam - 691552.

## റായ്ച്ചൂർ സിയോൺ സഭ

കഴിഞ്ഞ നാല് വർഷത്തോളമായി സുവിശേഷകൻ റ്റി.ജെ. മാത്യു റായ്ച്ചൂർ ജില്ലയിൽ പ്രവർത്തിച്ചതിന്റെ ഫലമായി ഒൻപത് സഭാ കൂടിവരവുകൾ വിവിധ സ്ഥലങ്ങളിൽ ആരംഭിക്കുവാൻ ഇടയായി. രഘുനാഥഹള്ളി എന്ന സ്ഥലത്താണ് ഒൻപാതമത്തെ സഭ കഴിഞ്ഞ മാസം ആരംഭിച്ചത്. തദ്ദേശിയരായ ചിലർ മുന്നോട്ടു വന്നതിനെ തുടർന്ന് അവരുടെ സ്നാന ശുശ്രൂഷയും നടന്നു. കേരളത്തിൽ നിന്നുള്ള ദൈവദാസന്മാർ പലരും ഇവിടെ വന്ന് പ്രവർത്തനങ്ങളിൽ സഹകരിക്കുന്നുണ്ട്. നേരത്തെ സഹോ. റ്റി.ജെ. മാത്യു കുടകിലെ സിദ്ധാപുരത്താണ് പ്രവർത്തിച്ചിരുന്നത്. കഠിനമായ എതിർപ്പുകൾ നേരിട്ടതിനെ തുടർന്നാണ് റായ്ച്ചൂരിലേക്ക് വേലയ്ക്കായി കടന്നു പോയത്. സിദ്ധാപുരസഭാംഗമായ സഹോ. സ്റ്റാനി വി.എസ്. വേലയ്ക്കായി വേർതിരിഞ്ഞ് സഹോദരൻ റ്റി.ജെ. മാത്യുവിനോടു കൂടെ റായ്ച്ചൂരിൽ പ്രവർത്തനങ്ങളിൽ സഹകരിക്കുന്നു. വിലാസം – Zion Brethern Church, P.B. No. 6 Raichur - 584101

## വിലാസമാറ്റം

എറണാകുളം – പെരുമ്പാവൂർ ക്രാരിയേലി സഭയ്ക്കുള്ള കത്തുകൾ താഴെക്കാണുന്ന വിലാസത്തിൽ അയക്കുക. Krariyely Christian Brethern Church C/o. Johnson Daniel, Kottamurickal, Puthumana, Kombanad P.O. Pin - 683555.

## അഭ്യർത്ഥന

ആന്ധ്രാപ്രദേശിലെ കറക്കവൽസയിൽ സഭാഹാൾ നിർമ്മാണത്തിനായി സഹായം അഭ്യർത്ഥിക്കുന്നു. സുവി. രാമറാവു കഴിഞ്ഞ പത്ത് വർഷമായി കുടുംബമായി ത്വോരാപ്പുടി ഗ്രാമത്തിൽ താമസിച്ച് പ്രവർത്തിച്ചു വരുന്നു. കഴിഞ്ഞ അഞ്ച് വർഷമായി സമീപ പ്രദേശമായ കറക്കവൽസയിൽ പ്രവർത്തിച്ചതിന്റെ ഫലമായി 45–ഓളം വിശ്വാസികൾ ഉള്ള ഒരു സഭാ കൂടിവരവ് ആരംഭിക്കുവാൻ ഇടയായി. ആരാധനയ്ക്കായി താൽക്കാലിക

# നമുക്കു ചുറ്റും

സംവിധനമാണ് ഉള്ളത്. വിശ്വാസികളുടെ പരിശ്രമത്തിൽ 3 സെന്റ് സ്ഥലം വാങ്ങി, ഹാളിനായി തറയും പൂർത്തിയാക്കി. ഇനി മുന്നോട്ട് പണിയുവാനുള്ള സാമ്പത്തീക സ്ഥിതി ഇവിടെയുള്ള വിശ്വാസികൾക്കില്ല. ഏതാണ്ട് 90,000രൂപയുണ്ടെങ്കിൽ നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കും ദൈവമക്കളുടെ വിലയേറിയ സഹകരണവും, പ്രാർത്ഥനയും ആവശ്യമാണ്. ഡി. ഡി., ചെക്ക് അയക്കുന്നവർ Karakavalasa Brethern Assembly എന്ന പേരിൽ അയക്കുക. ബാങ്ക് അക്കൗണ്ട് നമ്പർ 31473507272 SBI Branch Code 8298 hnemkw M Rama Rao, Emmanuel Brethern Assembly, Dwaeapudi Village PO, Vizianagaram A P 535003

## പ്രാർത്ഥനയ്ക്ക്

കാസർകോട് മൗവ്വേനി ബ്രദ്റൻ സഭയിലെ ശുശ്രൂഷകനും, സുവിശേഷകനുമായ കെ.എം. ജോസഫിന് പെട്ടെന്നുണ്ടായ അസുഖത്തെ തുടർന്ന് ഒരു വശം തളർന്ന് ആശുപത്രിയിലായിരുന്നു. ഇതിനിടയ്ക്ക് ഹെർണിയയുടെ പ്രയാസവും നേരിട്ടു. ഇപ്പോൾ ഒരു ഓപ്പറേഷൻ ഡോക്ടർ നിർദ്ദേശിച്ചിരിക്കുകയാണ്. സാമ്പത്തികമായ ബുദ്ധിമുട്ട് സ ഹോദരൻ അനുഭിവക്കുകയാണ്. ദൈവജനത്തിന്റെ സഹകരണം അഭ്യർത്ഥിക്കുന്നു. സഭയ്ക്കുവേ ണ്ടി ഡേവിഡ്. വിലാസം – Joseph K.M. Kottamala P.O., Mauveni, Kasargod - 671314.

## ബ്രദ്റൻ ബൈബിൾ സ്കൂൾ – മലബാർ

ബ്രദ്റൻ ബൈബിൾ സ്കൂളിന്റെ മൂന്നാമത്ത് ബാച്ച് ഉടൻ ആരംഭിക്കുന്നു. മൂന്നുമാസം വീതമുള്ള രണ്ട് ബാച്ചുകൾ പഠനം പൂർത്തിയാക്കി. സ്ഥലം സഭയുടെ ശുപാർശയോടു കൂടെ അപേക്ഷിക്കുന്നവർക്ക് പ്രവേശനം നൽകും. പ്രായം, വിദ്യാഭ്യാസം എന്നിവയ്ക്ക് പരിധിയില്ല. പഠനം, താമസം, ഭക്ഷണം എന്നിവ സൗജന്യമാണ്. ഹൃസ്വകാല കോഴ്സുകളും വിവിധ സ്ഥലങ്ങളിൽ ക്രമീകരിക്കുന്നുണ്ട്. ജനുവരി 17 മുതൽ 20 വരെ ആദ്യ ഹൃസ്വകാല കോഴ്സ് സുൽത്താൻ ബത്തേരി ബ്രദ്റൻ സഭാഹാളിൽ നടക്കും. വിലാസം Sceretary Brethern Bible School, Malabar, Perole, Nileshwar, Kasargod.

## കമന്റേഷൻ

ഇടുക്കി – ചക്കിമാലി സഭാംഗമായ ഷാജി പി.എസിന്റെ സുവിശേഷ വേലയ്ക്കായുള്ള ദൈവവിളി സഭയ്ക്ക് ബോധ്യപ്പെട്ടതായി ദൈവജനത്തെ അറിയിക്കുന്നു. 2007 മുതൽ കുടുംബമായി മൂലമറ്റത്ത് താൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. സഹോദരനെയും കുടുംബത്തെയും പ്രാർത്ഥനയിൽ ഓർക്കുക. വിലാസം – Shaji P.S. Pulimkunnel, Arakulam P.O. Idduki - 685591.Tel : 9961213692.

## സുവിശേഷ പ്രവർത്തകർക്കു നേരെ ആക്രമണം

തൃശൂർ ഗോസ്പൽ ഔട്ട്റീച്ച് മിനിസ്ട്രിയുടെ പരസ്യയോഗം നടക്കുമ്പോൾ സുവിശേഷ വിരോധികളായ ചിലർ പ്രവർത്തകരെ അക്രമിച്ചു. തൃശൂർ ജില്ലയിലെ മുരിങ്ങൂർ എന്ന സ്ഥലത്ത് ജനുവരി 26ന് വൈകിട്ടോടെയാണ് സഭംവം. സുവി. റ്റിമി ആഡംസിന്റെ നേതൃത്വത്തിൽ 15ഓളം വരുന്ന സഹോദരൻമാരാണ് സുവിശേഷ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നത്. ഒരു സഹോദരൻ സന്ദേശം നൽകികൊണ്ടിരിക്കുമ്പോൾ മുന്നഗ അക്രമിസംഘം ഒരു കാരണവും കൂടാതെ സഹോദരൻമാരെ മർദ്ദിക്കുകയായിരുന്നു. വാഹനത്തിനും സൗണ്ട് സിസ്റ്റത്തിനും കേടു വരുത്തി. പിന്നീട് പോലീസ് എത്തി അക്രമികളെ അറസ്റ്റ് ചെയ്തു.

## സണ്ടേ സ്കൂൾ 100–ാം വാർഷികം

അങ്കമാലി സണ്ടേസ്കൂൾ 100–ാം വാർഷീക പ്രത്യേക പരിപാടി ജനുവരി 23ന് അങ്കമാലി പടിഞ്ഞാറെ സഭഹാളിൽ നടന്നു. അയൽ സഭകളിൽനിന്നുള്ള വിശ്വാസികളും കുട്ടികളും പങ്കെടുത്തു. 54 വർഷങ്ങൾ സണ്ടേസ്കൂൾ അധ്യാപകനായി സേവനം അനുഷ്ഠിച്ച സഹോ. പി.പി. ജോർജ്ജിനെ അനുമോദിച്ചു.

# നിത്യതയിൽ




മറിയാമ്മ വർഗ്ഗീസ് (103) ജനുവരി 26ന് കർത്തൃസന്നിധിയിലേക്ക് പ്രവേശിച്ചു. അഞ്ച് തലമുറകൾ കണ്ട ഈ മാതാവിന് 10 മക്കളും 23 കൊച്ചുമക്കളും 50 കൊച്ചുകൊച്ചുമക്കളും അവരുടെ അടുത്ത തലമുറയിൽപെട്ട 5 മക്കളേയും കണ്ടാണ് ഈ മാതാവ് നിത്യതയിലേക്ക് പ്രവേശിച്ചത്.



ഫരിദാബാദ് സുവിശേഷകൻ വി.പി. പൗലോസിന്റെ ഭാര്യ മോളി ജനുവരി 15ന് നിത്യതയിലേക്ക് ചേർക്കപ്പെട്ടു. സുവിശേഷകൻ എഡ്വിൻ പോൾ മകനാണ്.

# പ്രയർ കലണ്ടർ ഫെബ്രുവരി 2011

പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേണ്ടിയാണ് ഈ കലണ്ടർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ട്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുണ്ടാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 2665, ബ്രോഡ്‌വേ, എറണാകുളം 682 031.

| | | | | | |
|---|---|---|---|---|---|
| **ഞായർ**<br>സ്ഥലം സഭയ്ക്കു വേണ്ടി | **ഒരു മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാം**<br>5 മിനിറ്റ് സ്തുതി:<br>5 മിനിറ്റ് നന്ദി (സ്ത്രോതം):<br>5 മിനിറ്റ് ഏററുപറച്ചിൽ:<br>20 മിനിറ്റ് വചനധ്യാനം:<br>20 മിനിറ്റ് മദ്ധ്യസ്ഥ പ്രാർത്ഥന:<br>5 മിനിറ്റ് അപേക്ഷ: | **6** ഈ വർഷത്തെ ആദ്യ ഞായർ, സഭയിലെ വിവിധ ശുശ്രൂഷകൾക്കുവേണ്ടി ആരാധനായോഗങ്ങൾ കൂടുതൽ സജീവമാകുവാൻ സൺഡേ സ്കൂൾ കുട്ടികൾക്കും, അദ്ധ്യാപകർക്കുംവേണ്ടി, യൂത്ത് മീറ്റിങ്ങിൽ യുവതിയുവാക്കൾ മുടങ്ങാതെ പങ്കെടുക്കുവാൻ സഭയുടെ ബൈബിൾ സ്റ്റഡി, പ്രാർത്ഥനായോഗം, ഭവനയോഗം, സഹോദരിമാരുടെ പ്രാർത്ഥന, പരസ്യയോഗങ്ങൾ എന്നിവയ്ക്കുവേണ്ടിയും. | **13** സഭയിലെ മൂപ്പന്മാർക്കും അവരുടെ കുടുംബാംഗങ്ങളെയും ഓർത്ത് സഭയെ പരിപാലിക്കുവാനുള്ള ദൈവീക നിയോഗത്തിന്റെ ഗൗരവം മനസ്സിലാക്കി പ്രവർത്തിക്കുവാൻ. കുടുംബാംഗങ്ങൾ സാക്ഷ്യമുള്ളവരായി നിലനിൽക്കുവാൻ ഭവന സന്ദർശനം സഭാംഗങ്ങളോടുള്ള കൂട്ടായ്മ എന്നിവയിൽ കൂടുതൽ ഉത്സാഹം കാണിക്കുവാൻ മുഖപക്ഷമില്ലാത്തവരായി പ്രവർത്തിക്കുവാൻ. | **20** സഭയിലെ സുവിശേഷകന്മാരെ ഓർത്ത് സുവിശേഷപ്രവർത്തനങ്ങളിൽ ഉത്സാഹമുള്ളവരായി നിലനിൽക്കുവാൻ വചനത്തിൽ ഉറച്ചു നിന്ന് ഉപദേശ വിഷയങ്ങൾ സഭാവിശ്വാസികൾക്ക് വിഭാഗിച്ചു നൽകേണ്ടതിന്. കുടുംബാംഗങ്ങളെ ഓർത്ത് ഭൗതീക ആവശ്യങ്ങൾ നിറവേറ്റപ്പെടുവാൻ. പ്രവർത്തനമേഖലയിൽ ആവശ്യമായ സംരക്ഷണത്തിനായി | **27** സഭയിലെ ശുശ്രൂഷകർക്കായി എല്ലാ മേഖലകളിലും സാക്ഷ്യമുള്ളവരായി തങ്ങളെ തന്നെ സൂക്ഷിക്കുവാൻ. ഓരോരുത്തരും ഏർപ്പെടുന്ന ശുശ്രൂഷകളെ ഓർത്ത് കുടുംബാംഗങ്ങൾക്ക് വേണ്ടി പ്രത്യേശം സഭയിൽ ശുശ്രൂഷകരായി കൂടുതൽ പേർ മുന്നോട്ട് വരുവാൻ സഭയിലെ ഐക്യത്തിനും സമാധാനത്തിനും വേണ്ടി. |
| **തിങ്കൾ**<br>അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | | **7** നമ്മുടെ രാജ്യത്തിനുവേണ്ടി അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവർ, പ്രസിഡന്റ് പ്രതിഭാപാട്ടീൽ, വൈസ് പ്രസിഡന്റ് ഹമ്മീദ് അൻസാരി, പ്രധാനമന്ത്രി ഡോ മൻമോഹൻ സിംഗ്, മന്ത്രിമാരായ പ്രണവ് മുഖർജി, ചിദംബരം, എ.കെ. ആന്റണി, ശരത് പവാർ, എസ്. എം. കൃഷ്ണ, വയലാർ രവി, കെ. വി. തോമസ്, ലോക സഭാ സ്പീക്കർ മീരാ കുമാർ | **14** രാഷ്ട്രീയ പാർട്ടി നേതാക്കളായ സോണിയാ ഗാന്ധി, സുഷമ സ്വരാജ്, മായാവതി, ലല്ലു പ്രസാദ് യാദവ്, എൽ.കെ. അദ്വാനി, പ്രകാശ് കാരാട്ട്, ബർദൻ അശോക് സിംഗാൾ, എന്നിവർക്കായി സംസ്ഥാന നേതാക്കൾ രമേശ് ചെന്നിത്തല, പിണറായി വിജയൻ, കെ. ചന്ദ്രപ്പൻ, കുഞ്ഞാലിക്കുട്ടി, കെ. ഇ. ഇസ്മയിൽ, എന്നിവർക്കായും. | **21** കേരളത്തിലെ ഭരണാധികാരികൾ, ഗവർണ്ണർ ആർ. എസ്. ഗവായ്, മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ, മന്ത്രിമാരായ തോമസ് ഐസക്, എം. എ. ബേബി, വിജയകുമാർ, മുല്ലക്കര രത്നാകരൻ, കെ. പി. രാജേന്ദ്രൻ, കെ. പ്രേമചന്ദ്രൻ, കെ. സുധാകരൻ, കടന്നപ്പള്ളി രാമചന്ദ്രൻ, ജോസ് തെറ്റയിൽ, സുരേന്ദ്രൻ പിള്ള, എസ്. ശർമ്മ, കെ. ബാലൻ എന്നിവരെ ഓർത്ത്. | **28** സുപ്രധാന സ്ഥാനങ്ങൾ വഹിക്കുന്നവർ സുപ്രീംകോടതി ചീഫ് ജസ്റ്റീസ് എസ്. എച്ച്. കപാഡിയ, രാജ്യസഭാ ചെയർമാൻ കെ. റഹ്മാൻ ഖാൻ, ഡ. സ്പീക്കർ കരിയമുണ്ട, രാജ്യസഭ പ്രതിപക്ഷ നേതാവ് അരുൺ ജയ്റ്റലി, അറ്റോണിറ്റി ജനറൽ ജി. ഇ. വഹൻപതി, സോളിസിറ്റർ ജനറൽ ഗോപാൽ സുബ്രഹമണ്യം, പ്ലാനിംഗ് കമ്മീഷൻ ഡോ. മോണ്ടേക് സിംഗ് അലുവാലിയ. |
| **ചൊവ്വ**<br>രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി | **1** രക്ഷിക്കപ്പെടാത്ത ആയൽക്കാർക്കു വേണ്ടി. (അവരുമായി നമ്മുടെ ബന്ധം ദൃഢമായി സൂക്ഷിക്കണം) അവരോട് സുവിശേഷം പറയുവാൻ ഒരുങ്ങി പ്രാർത്ഥിക്കുക. നമ്മുടെ ഭവനങ്ങളിൽ നടക്കുന്ന ഭവനയോഗങ്ങളിൽ താൽപര്യമുള്ള അയൽക്കാരെ ക്ഷണിക്കുക. വീടിന് ചുറ്റുമള്ള കുട്ടിൾക്കുവേണ്ടി ചിൽഡ്രൻസ് ക്ലബ്, ഗുഡ്ന്യൂസ് ക്ലബുകൾ ക്രമീകരിക്കുക. | **8** രക്ഷിക്കപ്പെടാത്തവർക്കുവേണ്ടി ആദ്യം നിങ്ങളുടെ സഭയിലുള്ളവരുടെയും ബന്ധുക്കളായവരുടെയും പേരുകൾ ശേഖരിച്ച് പ്രാർത്ഥിക്കുക. (ഒരു തവണയെങ്കിലും നിങ്ങൾ അവരോട് സുവിശേഷം പറഞ്ഞിട്ടുണ്ടോ?) സുവിശേഷം വ്യക്തമായിട്ട് കേട്ടിട്ടും ഇതുവരെയും രക്ഷിക്കപ്പെടാത്തവരെ ഓർത്ത് പ്രത്യേകം. | **15** നിങ്ങൾ അനുദിനം കണ്ടുമുട്ടുന്നവരെ ഓർത്ത് സഹപാഠികൾ, കൂടെ ജോലി ചെയ്യുന്നവർ, ഒന്നിച്ച് യാത്ര ചെയ്യുന്നവർ, പല പ്രവർത്തനമേഖലയിൽ കണ്ടുമുട്ടുന്നവർ, വീട്ടിൽ വരുന്ന പത്രക്കാരൻ, പാൽക്കാരൻ, സെയിൽസ് മാൻ, ഗേൾസ്, പോസ്റ്റ്മാൻ, (ഒരവസരം ലഭിക്കുമ്പോൾ ഒരു ലഘുരേഖയെങ്കിലും ഇവർക്ക് നൽകുക.) | **22** അധികാര സ്ഥാനങ്ങളിൽ ഇരിക്കുന്നവർ രക്ഷിക്കപ്പെടുവാൻ, വാർഡ്മെമ്പർ, കൗൺസിലർ മുതൽ മുകളിലോട്ടുള്ളവരുടെ പേരുകൾ ശേഖരിച്ച് പ്രാർത്ഥിക്കുക. എം. പി., എം .എൽ. എ മാർ എന്നിവരെയും ഓർത്ത്. കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, പഞ്ചായത്ത്, വില്ലേജ് ഓഫീസിലെ ജീവനക്കാരും രക്ഷയുടെ പാതയിലേക്ക് വരുവാൻ. |  |
| **ബുധൻ**<br>സൗഖ്യമില്ലാത്തവർക്ക് വേണ്ടി | **2** രോഗികളായിരിക്കുന്ന ചിലർ സാമ്പത്തികമായി ഞെരുക്കം അനുഭവിക്കുന്നു. ചികിത്സ സഹായം ലഭിക്കേണ്ടതിന്. കഴിഞ്ഞ നാളുകളിൽ നിങ്ങൾ ഓർത്ത് പ്രാർത്ഥിച്ചവരുടെ വിവരങ്ങൾ ശേഷരിച്ച് പ്രാർത്ഥിക്കുക. കൂടുതൽ പ്രാർത്ഥന ആവശ്യമുള്ളവർ ക്കായി പ്രാർത്ഥന തുടരുക. രോഗം മാറിയ വരെ ഓർത്ത്, ദൈവത്തിന് സ്തോത്രം ചെയ്യാം. | **9** രോഗികൾക്കുവേണ്ടി രോഗത്താൽ ഭാരപ്പെടുന്ന സുവിശേഷകർക്കുവേണ്ടി സാബു വർഗ്ഗീസ് (എറണാകുളം) ലിയോപ്പോൾ വില്യംസ് (ഇരിങ്ങാലക്കുട) വി. എം. വർഗ്ഗീസ് (മദ്രാസ്) കെ. പി. ലൂയിസ് പ്രിൻസ് (ഭൂട്ടാൻ) പി. വി. സേവ്യർ (തൊടുപുഴ) മാത്യുപോൾ (കോയമ്പത്തൂർ) എസക്കിയേൽ ജേക്കബ് , ജെയിംസ് പോൾ (ബൻസ്വാര) | **16** ക്യാൻസർ രോഗത്താൽ പ്രയാസപ്പെടുന്നവർ. ഗ്ലോറി ഗോഡ്‌ലി (എറണാകുളം) ഡോ. മോളി മദൻ പോൾ (ലുധിയാന) ഗ്രേസ് പോൾ (ഛത്തീസ്ഗഡ്) ചിന്നു ചെറിയാൻ (കോട്ടയം) ഗ്രേസ് തോമസ് (കണ്ണൂർ) റോയി ജേക്കബ് (യു. എസ്. എ) എം. ഇ. രാജപ്പൻ (കോട്ടയം) ലിജു ഫിലിപ്പ് (മുംബൈ) അനീഷ് (ദുബായ്) മേഴസി ജോർജ്ജ് (തൃശ്ശൂർ) മാർഗ്രറ്റ് ജോൺ (എറണാകുളം) സൂസൻ ജസ്റ്റിൻ (മൈലപ്ര) | **23** വാർദ്ധക്യ സഹജരോഗത്താൽ പ്രയാസപ്പെടുന്നവർക്കുവേണ്ടി, ഇവരെ ശുശ്രൂഷിക്കുന്നവരെ ഓർത്തു പ്രത്യേകം. ഇങ്ങനെയുള്ളവരെ സന്ദർശിച്ച് പ്രാർത്ഥിക്കുന്നത് അവർക്ക് കൂടുതൽ ഉന്മേഷം നൽകും. സുവി. ദേവ ശിഖാമണി (ഉജ്ജൈൻ) പി. ഇ. സാമുവൽ (തിരുവല്ല), ഡി. ജോൺ (കടപ്പ), ജീ. പീറ്റർ (ആന്ധ്ര) ജോൺ കോശി (എറണാകുളം) | |
| **വ്യാഴം**<br>സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | **3** ലഘുലേഖകൾ അച്ചടിച്ച് വിതരണം ചെയ്യുന്ന സംഘടനകൾക്കായി. ഇന്ത്യൻ ഇവാജലിക്കൽ ലിറ്ററേച്ചർ മിനിസ്ട്രി എറണാകുളം, ട്രാക്റ്റ് സൊസൈറ്റി മൈലപ്ര, ജി. എൽ. എസ്. മുംബൈ, കറസ്പോണ്ടൻസ് കോഴ്സുകൾ നടത്തുന്നവർക്കായി. ബൈബിൾ അച്ചടിച്ച് വിതരണം ചെയ്യുന്ന ഗിദിയോൻ ഇന്റർനാഷണൽ, ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ എന്നിവയ്ക്കായി. | **10** ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നടക്കുന്ന സുവിശേഷ പ്രവർത്തനങ്ങൾക്കായി, എവരീഹോം ക്രൂസേഡ്, വർക്കേഴസ് ടുഗെതർ, ഓപ്പറേഷൻ മൊബിലൈസേഷൻ, മിഷൻസ് ഇന്ത്യ, ഫ്രണ്ടസ് മിഷണറി, പ്രയർ ബാൻഡ്, ബല്ലിഗ്രഹം ക്രൂസേഡ്, വിശ്വവാണി, ഫീബാ, ക്യാമ്പസ് ക്രൂസേഡ് എന്നീ സംഘടനകൾക്കും പ്രവർത്തകർക്കുമായി. | **17** ബൈബിൾ തർജ്ജമയിൽ ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ടി. ലോകത്താകമാനം 6000ത്തിലധികം ഭാഷകൾ ഉണ്ട്. 2200 ഓളം ഭാഷകളിലേക്ക് ബൈബിൾ പരിഭാഷപ്പെടുത്തിയട്ടുണ്ട്. ഇന്ത്യയിൽ 1657 ഭാഷകൾ ഉള്ളതിൽ 199 ഭാഷകളിലേക്ക് മാത്രമേ പൂർണ്ണമായോ ഭാഗികമായോ വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ളൂ. തർജ്ജമയിൽ ഏർപ്പെട്ടിരിക്കുന്നവരെയും കുടുംബാംഗങ്ങളെയും ഓർത്ത്. | **24** കേരളത്തിലെ പ്രവർത്തനങ്ങൾക്കായി വൈ. എം. ഇ. എഫ് നോർത്ത്,സൗത്ത് പ്രവർത്തനങ്ങൾ കേരളത്തിന്റെ വിവിധ മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങൾക്കായും മാസവേല, മാസയോഗം,മിനിക്യാമ്പുകൾ, ആശുപത്രി സുവിശേഷികരണം, റേഡിയോ, റ്റി. വി., ഇന്റർനെറ്റ്, എന്നിവയിലൂടെ നടക്കുന്ന പ്രവർത്തനങ്ങൾക്കായി. ട്രൈബർ മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങൾക്ക് | |
| **വെള്ളി**<br>ലോക രാജ്യങ്ങൾ | **4** ഗർഫ് രാജ്യങ്ങൾക്കുവേണ്ടി. കേരളത്തിൽ നിന്ന് അനേകർ ഈ രാജ്യങ്ങളിൽ ജോലി ചെയ്യുന്നു. അവിടുത്തെ ഭരണാധികാരികൾക്കായി വിവിധമേഖലകളിൽ ജോലി ചെയ്യുന്ന മലയാളികൾക്കായി, ചില രാജ്യങ്ങളിൽ അനുവദിക്കപ്പെട്ടിരിക്കുന്ന ആരാധനാ സ്വാതന്ത്രത്തിനായി നന്ദിപറയാം. തുറക്കപ്പെടാത്ത രാജ്യങ്ങളെയും അധികാരികളെയും ഓർത്ത്. | **11** ആഫ്രിക്കൻ രാജ്യങ്ങൾക്കുവേണ്ടി നൈഗർ ജന. സംഖ്യ 1 കോടി, ക്രിസ്ത്യാനികൾ 1%, ചാഡ് ജന. സംഖ്യ 1കോടി, ക്രിസ്ത്യാനികൾ 28%, സുഡാൻ ജന. സംഖ്യ 3കോടി, ക്രിസ്ത്യാനികൾ 23%, എതോപ്യജന. സംഖ്യ 7കോടി, ക്രിസ്ത്യാനികൾ 65%, സൊമാലിയ ജന. സംഖ്യ 82 ലക്ഷം, ക്രിസ്ത്യാനികൾ 1%, ടാൻസാനിയ ജന. സംഖ്യ 4കോടി, ക്രിസ്ത്യാനികൾ 52%, മലാവി ജന. സംഖ്യ 1.29കോടി | **18** അംഗോള ജന. സംഖ്യ 1.3 കോടി, സാംബിയജന. സംഖ്യ 1.17 കോടി, ക്രിസ്ത്യാനികൾ 85%, സിംബാംബ്വേ ജന. സംഖ്യ 1.30 കോടി, ക്രിസ്ത്യാനികൾ 71%, ഡിബൗട്ടി ജന. സംഖ്യ 8ലക്ഷം, ക്രിസ്ത്യാനികൾ 5%, ആഫ്രിക്കൻ രാജ്യങ്ങളിൽ 20 കോടിയോളം ജനങ്ങൾ പേഷകാഹാരകുറവിനാൽ വിവിധ രോഗങ്ങൾക്കടിമകളാണ്. 4 കോടിയോളം ജനങ്ങൾ മുഴുപട്ടിണിയിലാണ്. | **25** നമ്മുടെ അയൽരാജ്യങ്ങൾക്കു വേണ്ടി പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ചൈന, നേപ്പാൾ,തിബറ്റ്, ഭൂട്ടാൻ, മ്യാ ന്മാർ, ബംഗ്ലാദേശ്, മാലിദ്വീപ്, ശ്രീലങ്ക, രാജ്യങ്ങളെ ഓർത്ത് പരസ്പര ഐക്യത്തിലും സ്നേഹത്തിലും മുന്നേറുവാൻ ഉഭയ കക്ഷി ബന്ധങ്ങൾ ശക്തിപ്പെടുവാൻ വ്യാപാര, വാണിജ്യ രംഗങ്ങളിൽ സഹകരണം കൂടുതലായി ഉണ്ടാകുവാൻ. | |
| **ശനി**<br>കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | **5** യുവജന പ്രവർത്തനങ്ങൾക്കുവേണ്ടി ഏപ്രിൽ 14 മുതൽ 18 വരെ നടക്കുന്ന എസ്. എസ്. എൽ ക്യാമ്പിനായി. സെപ്റ്റംബർ 5 മുതൽ 9 വരെ നടക്കുന്ന കോളജ് സ്റ്റുഡൻസ് ക്യാമ്പുകൾക്കായി, ബാലസംഘം, ചൈൽഡ് ഇവാജലീസം മിനിസ്ട്രി, സി. ഇ. എഫ് എന്നിവയ്ക്കായ്, ഈ മദ്ധ്യവേനലവധിക്ക് നടക്കാനിരിക്കുന്ന വി. ബി. എസുകൾക്കായി. അതിന്റെ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ ഓർത്ത് പ്രത്യേകം. | **12** ഭാരതത്തിൽ പ്രവർത്തിക്കുന്ന മിഷൻ ആശുപത്രികൾക്കായി സി. എം. സി. വെല്ലൂർ, ലുധിയാന ക്രിസ്ത്യൻ മെഡിക്കൽ കോളജ്, ക്രിസ്ത്യൻ മെഡിക്കൽ കോളജ് ഓട്ടംഛത്രം, സങ്കേശ്വർ മിഷൻ ഹോസ്പിറ്റൽ ബൽഗാം, നരസപ്പൂർ ക്രിസ്ത്യൻ ഹോസ്പിറ്റൽ, ആന്ധ്രാ അംബാജിപേട്ട വിമൻസ് ഹോസ്പിറ്റൽ, പക്കാഞ്ചോർ ആശാകിരൺ ആശുപത്രി, തിരുവല്ല മെഡിക്കൽ മിഷൻ, മന്ദമരുതി, വാഴൂർ ആശുപത്രികൾക്കായി | **19** നമ്മുടെ മറ്റ് സ്ഥാപനങ്ങൾക്കായി. തിരുവല്ല മെഡിക്കൽ മിഷൻ കോളജ് ഓഫ് നേഴ്സിംഗ്, നേഴ്സിംഗ് സ്കൂൾ, വൃദ്ധമന്ദിരങ്ങൾ. മിസ് സൻഗ്രൻ മെമ്മോറിയൽ നെല്ലിക്കുന്ന്, ബ്രദറൻ മേഴ്സി ഹോം കുമ്പനാട്, എന്നിവയ്ക്കുവേണ്ടി. ഈ സ്ഥാപനങ്ങളിലെ നടത്തിപ്പുകാർക്കായി വൃദ്ധസദനങ്ങളിലെ അന്തേവാസികൾക്കായി അവരുടെ ആരോഗ്യത്തിനുവേണ്ടി. | **26** അനാഥശാലകൾക്കുവേണ്ടി രെഹബോത്ത് ഗേൾസ് ഹോം തൃശ്ശൂർ, ബെഥേസ്ഥ ബോയ്സ് ഹോം, ഇരിങ്ങാലക്കുട, ദയവിഹാർ തിരുവല്ല, ബോയ്സ് ഹോം മലവള്ളി, എന്നിവയ്ക്കായി ഇവിടെ വളരുന്നകുട്ടികൾ ദൈവവഴികളിൽ നിലനിൽക്കുവാൻ ഈ സ്ഥാപനങ്ങളിലെ പ്രവർത്തകർക്കായി. മിസ്സ് ട്രഷറിനായി പ്രത്യേകം. ഈ സ്ഥാപനങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റപ്പെടുവാൻ. | നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 2665, ബ്രോഡ്‌വേ, എറണാകുളം 682 031. |

Printed, published and owned by Tenson Joseph and Printed at Print World for Thomson Press, Karimpatta Rd, Pallimukku, Cochin 682016 and published at: Galeed, South Chittoor, Cochin-27.
Editor : Thomas Mathew. Type Setting & Layout : Design Enroute, Ekm.